KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 30 / Issue: 8 August 2019 ₹ :10/-

## സ്വാതന്ത്ര്യ ദിനാശംസകൾ





MATHA FOODS
CHINGAVANAM
PH. 94476 75915
കലർപ്പില്ലാത്തതും
ഗുണമേന്മയേറിയതുമായ
ഹോംമെയ്ഡ് ഉത്പന്നങ്ങൾ
അരിപ്പൊടി
അപ്പം, ഇടിയപ്പം
അവലോസ് പൊടി
പുട്ടുപൊടി
ചെമ്പാ പുട്ടുപൊടി
ചമ്മന്തിപ്പൊടി
മുളക് പൊടി
കാശ്മീരി മുളക് പൊടി
ഗോതമ്പു പൊടി
മല്ലിപ്പൊടി
മഞ്ഞൾപ്പൊടി
ചെമ്മീൻ ചമ്മന്തിപ്പൊടി
കാപ്പിപ്പൊടി
പലവ്യഞ്ജനങ്ങൾ
കുത്തരി
സുരേഖ അരി
ജയ അരി
പച്ചരി
അവൽ
ശർക്കര
പഞ്ചസാര
വൻപയർ
ചെറുപയർ
പരിപ്പ്
ഉഴുന്ന്
ഗ്രീൻപീസ്
കടല
കടുക്
നുറുക്ക് ഗോതമ്പ്
പൊടിയരി
വിന്നാഗിരി
നല്ലെണ്ണ
സൺഫ്ളവർ
ഓയിൽ
വെളിച്ചെണ്ണ
വെന്ത വെളിച്ചെണ്ണ
തീയൽ കൂട്ട്
കൊക്കനട്ട്
മിൽക്ക് പൗഡർ
കായം, ഉലുവ,
എള്ള്, ഉപ്പ്
നെയ്യ്
തേയില
ഓട്ട്സ്
ബിരിയാണി
കിറ്റ്
കോൺഫ്ളെക്സ്
പപ്പടം
ഈസ്റ്റ്
ഇംപോർട്ടട് ഐറ്റംസ്
ഒലിവ് ഓയിൽ
ഈന്തപ്പഴം
ക്രീം വേഫർ
ഉണക്കമുന്തിരി
Tang
ഓട്ട്സ്
മിഠായികൾ
SPICES PRODUCTS
കുരുമുളക്
മസാലക്കൂട്ട്
ഏലയ്ക്ക
തക്കോലം
മുളക്
ജാതിക്ക
ജീരകം
പെരുംജീരകം
കറുവപ്പട്ട
ചുക്ക്, മഞ്ഞൾ
Free Home Delivery Available
ചക്കിലാട്ടിയ
ശുദ്ധമായ വെളിച്ചെണ്ണ
ഹോം മെയ്ഡ് അച്ചാറുകൾ
മാതാ ഹോം മെയ്ഡ് ഫുഡ് പ്രോഡക്ട്സ് & മാതാ എൻജിനീയറിംഗ് വർക്സ്
ശാലേംപള്ളിക്ക് സമീപമുള്ള ബസ് സ്റ്റോപ്പ്, ചിങ്ങവനം
ഫോൺ: 0481-2431671, 9447675915, 8301861685

# ക്നാനായ ദീപം

SINCE 1989

2019 ആഗസ്റ്റ് പുസ്തകം 30 ലക്കം 8

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം



**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**

**Visit www.knanayadeepam.com**


## ഉള്ളടക്കം


എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

വിജയകരമായ ക്രിസ്തീയ ജീവിതം 08
ഫാ. റോയി മാത്യൂസ് കോറെപ്പിസ്ക്കോപ്പാ

വി. കൂദാശകൾ വിശ്വാസിയുടെ സംരക്ഷണ കവചം 10
റ്റി. കെ. തോമസ്

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജയിംസ് തോടത്തിൽ

വസ്തുത (കവിത) 17
ജയ്നമ്മ മർക്കോസ്

In Utter Misery 17
Manna Reji

ഒരു ന്യായശാസ്ത്രിയുടെ ചോദ്യവും യേശുവിന്റെ മറുപടിയും 18
ലീലാമ്മ എബ്രഹാം, പാലക്കുടി

ശബ്ദമലിനീകരണം അപകടകരമായ നിലയിൽ നമ്മുടെ ദൈവാലയങ്ങളിൽ 20
അശോക് കുറിയാക്കോസ്

ഉണങ്ങിയ അസ്ഥികളുടെ താഴ്‌വര 21
കൊച്ചുമോൻ

കൗൺസിലിംഗും ഗൈഡൻസും അനിവാര്യമാകുമ്പോൾ 22
ഡോ. സുനിൽ ഡി. കുരുവിള

ഇങ്ങനെയും ജീവിതം 22
ഫാ. ആൻഡ്രൂസ്

മലർവാടിക്കൂട്ടം 28


മാട്രിമോണിയൽ 41


ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial



## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

വർത്തമാനപത്രങ്ങളിലൂടെയും വാർത്താ മാദ്ധ്യമങ്ങളിലൂടെയും ദിനംപ്രതി ഒന്നു കണ്ണോടിച്ചാൽ ഭൂമിയിലെങ്ങും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അസ്വസ്ഥതകളും അസ്സമാധാനങ്ങളും വർദ്ധിച്ചുവരുന്നതായി കാണാം. സാമ്പത്തികപ്രതിസന്ധി മിക്ക രാജ്യങ്ങളേയും ഗ്രസിച്ചിരിക്കുന്നു. യുദ്ധത്തിന്റെയും യുദ്ധസന്നാഹത്തിന്റെയും പ്രതിധ്വനി പല സ്ഥലത്തും മുഴങ്ങുന്നു. ഏതു സമയത്തും സംജാതമായേക്കാവുന്ന ഒരു യുദ്ധത്തെ നേരിടുവാനെന്നവണ്ണം ലോകരാഷ്ട്രങ്ങൾ ആയുധ സംഭരണം മുറയ്ക്കു നടത്തുന്നു. കഴിഞ്ഞ ആഴ്ചയിൽ ഇൻഡ്യയും ഇസ്രായേലിൽ നിന്നും യുദ്ധ ഉപകരണങ്ങളും വിമാനങ്ങളും വാങ്ങി കൂട്ടിയിരിക്കുന്നു. പുതിയ പുതിയ ആയുധങ്ങൾ കണ്ടുപിടിക്കുന്നതോടെ മനുഷ്യന്റെ നശീകരണശക്തി വർദ്ധിക്കുകയാണ്. ഏറ്റവും ഒടുവിലായി പ്രകൃതിയിലുള്ള മാറ്റങ്ങൾ മൂലം ലോകവ്യാപകമായിത്തന്നെ ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യം, അനുഭവപ്പെട്ടേക്കുമോ എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. ഇതൊക്കെ ലൗകീക രംഗത്തെ പ്രതിഭാസമാണ്. പക്ഷേ ആത്മീയ ഗോളത്തിലെ സ്ഥിതി എന്ത്? അന്ത്യകാല ലക്ഷണങ്ങൾ ലോകരംഗങ്ങളിൽ അക്ഷരംപ്രതി വെളിപ്പെട്ടുവരുന്നതു കണ്ടുകൊണ്ട് സ്വയം ക്രമീകരിച്ച് ഉണർന്നെഴുന്നേല്ക്കുന്നതിനുപകരം കൂടുതൽ സങ്കുചിതമായി മാറിക്കൊണ്ടിരിക്കുയല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ക്രിസ്തീയസഭകളിൽ ചേരിപ്പോരും ചാക്കിട്ടുപിടുത്തവും കാലുമാറ്റവും, പള്ളിപിടുത്തവും, സ്വന്തകുടുംബകല്ലറകളിൽ പോലും അടക്കുവാൻ സമ്മതിക്കാത്ത കാടത്തസ്വഭാവവും ഇന്നു നടമാടിക്കൊണ്ടിരിക്കുന്നു. രാഷ്ട്രീയത്തിൽപോലും ഇത് മൂന്നാം തരം പ്രവർത്തികളായി ഗണിക്കപ്പെട്ടിരിക്കെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ ഇതു മാന്യമോ? ലജ്ജയായതിൽ മാന്യത കാണുന്ന താണപ്രവർത്തികൾ നിമിത്തം സഭ ഇന്ന് മനുഷ്യസമൂഹമദ്ധ്യേ അപമാനിതമായികൊണ്ടിരിക്കുന്നു. ഏതു വിധേനയും ദൈവനാമം മഹത്വപ്പെടുകയും നശിച്ചുപോകുന്ന ആത്മാക്കൾ രക്ഷിക്കപ്പെടുകയും ചെയ്യണമെന്ന ഭാരത്തോടെ ആരംഭിച്ച പ്രസ്ഥാനങ്ങൾ പലതും “ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും” എന്നതിനു സമാനമായ, ആത്മീക മരണത്തിന്റെ വക്കിലെത്തിയ ആളുകളുടെ ഒരു കൂട്ടം മാത്രമായി സഭ മാറിയിരിക്കുന്നതിലേറെ കഷ്ടം വേറെ എന്തുണ്ട്. “കൊള്ളാകുന്നവർ വെളിവാകേണ്ടതിനു ഭിന്നപക്ഷങ്ങൾ ഉണ്ടാകേണ്ടതാണ്” എങ്കിലും ഇന്നത്തെ പല ഭിന്നതയിലൂടെയും കൊള്ളാകുന്നവർ വെളിവാകുന്നതിനുപകരം കൊള്ളാവുന്നവർ സഭയിൽ നിന്നും പുറത്തെകൂട്ടങ്ങളിലേക്കു ചേക്കേറുകയാണ്. പലപ്പോഴും രണ്ടു കൂട്ടരുടെയും ആത്മീയനിലവാരം ഒന്നിച്ചപ്പോഴുണ്ടായതിനേക്കാൾ കുറയുകയല്ലേ ചെയ്തിട്ടുള്ളത്. ഇതിനെല്ലാം കാരണം എന്ത്? ചിന്തിക്കുക.

എത്ര ആരോഗ്യമുള്ളവനും തക്കസമയത്ത് ആഹാരം വേണ്ടിയിരിക്കുന്നതുപോലെ എത്ര ഭക്തനും, പരിശുദ്ധനുമായ മനുഷ്യനും ആരാധനാ ജീവിതത്തിൽ തുടരേണ്ടത് അത്യാവശ്യമായ സംഗതിയാണ്. ഇന്നു നമ്മുടെ സഭാംഗങ്ങളിൽ പലരുടെയും ഭവനങ്ങളിൽ പ്രാർത്ഥനയില്ല. വി.കുർബ്ബാനയിൽ അനേകരും സംബന്ധിക്കുന്നില്ല. 2000 വീട്ടുകാർ ഉള്ളപള്ളിയിൽ 1000 ത്തിൽ താഴെ അംഗങ്ങൾ മാത്രമേ ആരാധനയിൽ സാധാരണയായി പങ്കെടുക്കുന്നുള്ളൂ. വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുന്നവർ തന്നെ വേണ്ട വിധം ഒരുങ്ങി വരികയോ അതിന്റെ അപേക്ഷ ചൊല്ലിക്കൊണ്ട് സംബന്ധിക്കുകയോ ചെയ്യുന്നില്ല. ഇതുകൊണ്ട് സംഭവിക്കുന്നത് ശിക്ഷണരാഹിത്യം മാത്രമല്ല, നമ്മുടെ സഭ നശിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതാണ്. നമ്മുടെ സഭ പുരോഗമിക്കാത്തതിൽ യാതൊന്നും അത്ഭുതപ്പെടുവാനില്ല. ഈ നിലയിൽ ആരും പുരോഗമനം സ്വപ്നം കാണുകയും വേണ്ട. നമ്മുടെ സമുദായത്തിലെ വൻകിട നേതാക്കന്മാരും ആത്മീകരും അവരുടെ ദശാംശങ്ങളും സംഭാവനകളും സഭയിൽ ചിലവിടാതെ ലജ്ജ കൂടാതെ മറ്റു പ്രസ്ഥാനങ്ങൾക്കു നൽകുകയാണ്. ഒരു കൗമായും വിശ്വാസപ്രമാണവും ശരിക്ക് അറിയാൻ പാടില്ലാത്തവർ ധാരാളമുണ്ട്. പത്തു കൽപനകളും ഏഴു കൂദാശകളും അറിയാൻ പാടില്ലാത്ത അഭ്യസ്തവിദ്യർ സഭയിൽ ഉണ്ട്. എന്തൊരു ഭയങ്കരം. പട്ടക്കാരൻ ഒരു പ്രാർത്ഥന ആരംഭിച്ചു കഴിഞ്ഞാൽ അതു തുടർന്നു ചൊല്ലുവാൻ പുറകിൽ നിൽക്കുന്നവർക്ക് അറിയാൻ പാടില്ല. അത്യാവശ്യ പ്രാർത്ഥനകൾപോലും ശരിക്ക് കാണാതറിയാൻ പാടില്ലാത്ത പട്ടക്കാരും ഇന്ന് സഭയിൽ ഉണ്ട്. സഭയ്ക്കുള്ളിലെ ഈ വൈരുദ്ധ്യങ്ങളും വിരോധാഭാസങ്ങളും പരിഹരിക്കുവാൻ കാലം വൈകിയിരിക്കുന്നു. അതുകൊണ്ട് ഭരണപരമായും, ആരാധനാപരമായും നമ്മുടെ സഭയിൽ കാര്യമായ യത്നങ്ങൾ ഉടനടി നടത്തിയില്ലെങ്കിൽ തകർച്ചയുടെ വക്കിലേക്ക് അടുക്കുവാൻ എളുപ്പമാണ്.

പൊതുവേ പറഞ്ഞാൽ സഭയ്ക്ക് ഉണ്ടായിരുന്ന ദർശനം നഷ്ടപ്പെട്ടിരിക്കുന്നു. നഷ്ടപ്പെട്ടതല്ല നഷ്ടപ്പെടുത്തിയതാണെന്നു തന്നെ പറയാം. ദൈവത്തെഭയവും മനുഷ്യനെ ശങ്കയും ഇല്ലാത്ത ന്യായാധിപന്മാർ വർദ്ധിച്ചിരിക്കുന്നു. ഇവരിൽ ചിലർ നേതൃത്വസ്ഥാനത്തു തന്നെയാണെന്നതുകൊണ്ട് ശുദ്ധീകരണവും വളരെ പ്രയാസമുള്ള കാര്യമാണ്. ഈ പ്രശ്നങ്ങൾക്കെല്ലാം തന്നെ ഏക പോംവഴി മാത്രമേയുള്ളൂ, തുറന്ന ഹൃദയത്തോടെ ഒരു സ്വയ പരിശോധനയ്ക്ക് തയ്യാറാകുക. സഭാവിശ്വാസികൾ സാമ്പത്തികമായി ഉയർന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ ആത്മീകമായി അനേകപടികൾ പുറകോട്ടുപോയിട്ടില്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. മിക്ക സുവിശേഷകരും, വൈദീകരും ഇന്നത്തെ ഏതെങ്കിലും ഉൾപ്പോരിൽ കരുവായി മാറ്റപ്പെടുന്നില്ലേ എന്നു സംശയിച്ചു പോവുകയാണ്. ഇതൊക്കെ സംഭവിക്കേണ്ടതു തന്നെയെന്നു സമാധാനിക്കാതെ ഇതിനൊരു പരിഹാരം കണ്ടെത്തുവാൻ നമുക്ക് ശ്രമിക്കാം.

ലോകത്തിൽ ഇന്നു കാണുന്ന അസ്വസ്ഥതകൾ എല്ലാം തന്നെ കർത്താവിന്റെ വരവ് അടുത്തുവരുന്നതിനെ സൂചിപ്പിക്കുകയാണെന്നാശ്വസിച്ച് പരമാർത്ഥമായി ജീവിക്കാനാഗ്രഹിക്കുന്നവരെല്ലാം ഉണർന്നെഴുന്നേൽക്കേണ്ട കാലം അതിക്ര

***ശേഷം 23 –ാം പേജിൽ***

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



മനുഷ്യന് അന്യമായിത്തീർന്ന സ്വർഗ്ഗരാജ്യം പ്രാപ്യമാക്കിത്തീർക്കാൻ പിതാവിന്റെ തിരുവിഷ്ടപ്രകാരം പുത്രനായ യേശുക്രിസ്തു ഭൂമിയിൽ നിർവ്വഹിച്ച പരസ്യശുശ്രൂഷയുടെ അവസാന നാളുകൾ. ഓശാന പെരുന്നാളിന്റെ ശേഷമുള്ള ദിവസം നമ്മുടെ കർത്താവ് യെറുശലേം ദേവാലയത്തിൽ ചെന്നു ജനത്തെ ഉപദേശിച്ചു തുടങ്ങി. തലേ ദിവസം അതായത് ഓശാന പെരുന്നാൾ ദിവസം ദേവാലയത്തിൽ പ്രവേശിച്ച കർത്താവ് വിൽക്കുന്നവരേയും വാങ്ങുന്നവരേയും പുറത്താക്കി. പ്രാക്കളെ വില്ക്കുന്നവരുടെ പീഠങ്ങളേയും പൊൻ വാണിഭക്കാരുടെ മേശകളെയെല്ലാം മറിച്ചിട്ടു. എന്റെ ആലയം പ്രാർത്ഥനാലയം എന്നാണു വിളിക്കപ്പെടേണ്ടത്, ഇതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കാനുള്ള അധികാരികളുടെ ശ്രമം അനുവദനീയമല്ല എന്നദ്ദേഹം ഉറക്കെ പ്രഖ്യാപിച്ചു. നമ്മുടെ കർത്താവിന്റെ ശുശ്രൂഷ പ്രമാണിമാരായ പുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും അവരുടെ പാർശ്വവർത്തികൾക്കും ഭീഷണി ആയിത്തീർന്നു.

ഈ പ്രമാണിമാർ കർത്താവിനെ ചോദ്യം ചെയ്യാൻ ആരംഭിച്ചു; "നീ എന്തധികാരം കൊണ്ടിതു ചെയ്യുന്നു? ഈ അധികാരം നിനക്കു തന്നത് ആർ?" (മത്താ. 21:23). ഒരു മറു ചോദ്യത്തിലൂടെയാണ് കർത്താവ് അവർക്ക് ഉത്തരം കൊടുത്തത്! യോഹന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽനിന്നോ മനുഷ്യരിൽ നിന്നോ? (മത്താ. 21:25). ദൈവം അയച്ചിട്ടു വന്ന മനുഷ്യൻ, (യോ. 1:6) തന്റെ പാത നിരപ്പാക്കുവാൻ, തനിക്കു മുന്നോടി ആയി അയക്കപ്പെട്ട സ്നാപകയോഹന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽ നിന്നെങ്കിൽ എന്റെ അധികാരം സ്വർഗ്ഗത്തിൽനിന്നുതന്നെ അല്ല മനുഷ്യരിൽ നിന്നാകുന്നു എന്നു നിങ്ങൾ വിശ്വസിച്ചാൽ മനുഷ്യരിൽനിന്ന്, എന്തായാലും യോഹന്നാനിൽ നിന്നാണു ഞാനീ അധികാരം പ്രാപിച്ചത് എന്നു നമ്മുടെ കർത്താവു സംശയലേശമെന്യേ പറഞ്ഞു. ഈ സത്യമാണ് പരിശുദ്ധ സുറിയാനി സഭ തങ്ങളുടെ പ്രജകളെ പഠിപ്പിക്കുന്നത്.

തുടർന്ന് കർത്താവു പറഞ്ഞു; ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അതിൽ മൂത്ത മകനോട് ഇന്ന് എന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്ക എന്നു പറഞ്ഞു. എനിക്കു മനസ്സില്ല എന്നവൻ പറഞ്ഞു. എങ്കിലും പിന്നത്തേതിൽ അവൻ അനുതപിച്ചു വേലയ്ക്കുപോയി. രണ്ടാമനോടു പറഞ്ഞപ്പോൾ ഞാൻ പോകാമെന്നു പറഞ്ഞു. എങ്കിലും പോയില്ല. നമ്മുടെ കർത്താവു ചോദിക്കുന്നു; ഇതിൽ ഏതു മകനാണ് അപ്പന്റെ ഇഷ്ടം നിവർത്തിച്ചത്. (മത്താ. 21:28-30) കർത്താവു പറഞ്ഞു ചുങ്കക്കാരും വേശ്യാസ്ത്രീകളും നിങ്ങൾക്കു മുമ്പായി സ്വർഗ്ഗരാജ്യത്തിൽ കടക്കും.

നാമെല്ലാവരും സ്വർഗ്ഗരാജ്യത്തിനുവേണ്ടി വിളിക്കപ്പെട്ടവരാണ്. നമ്മെ വിളിച്ച വിളിക്കനുസൃതമായാണോ നമ്മുടെ പ്രവർത്തനം എന്ന് സ്വയം വിലയിരുത്തണം. മനുഷ്യനെ സ്വർഗ്ഗരാജ്യത്തിലേക്ക് നടത്തുവാൻ നിയോഗിക്കപ്പെട്ട പുരോഹിത പ്രമാണിമാർക്ക് മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി മനുഷ്യാവതാരം ചെയ്ത ദൈവപുത്രനെ തിരിച്ചറിയാൻ സാധിച്ചില്ല. തങ്ങളുടെ അധികാരമോഹവും, ദ്രവ്യാഗ്രഹവും സത്യത്തിനു നേരെ മുഖം തിരിക്കാൻ സംഗതിയാക്കി. ചുങ്കക്കാരും വേശ്യാസ്ത്രീകളും രക്ഷിക്കപ്പെട്ടവരെന്നു അഭിമാനിക്കുന്നവർക്ക് മുമ്പായി ദൈവരാജ്യത്തിൽ പ്രവേശിക്കും എന്നാണു കർത്താവു പറഞ്ഞത്. കാരണം അവർക്ക് കുറ്റബോധമുണ്ട്. മുകളിൽ പരാമർശിക്കപ്പെട്ട മൂത്ത പുത്രനെപ്പോലെ അനുതപിച്ച് ദൈവേഷ്ടം പ്രവർത്തിച്ചു.

ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചര്യനും പുണ്യവാനും ശ്ലീഹായും സഹദായും, കർത്താവിന്റെ സഹോദരനുമായ യാക്കോബ്; നിങ്ങളുടെ വിശ്വാസം പ്രവർത്തി കൂടാതെ കാണിക്കാമോ? വിശ്വാസം പ്രവർത്തികളിലൂടെയാണ് കാണിക്കേണ്ടത് എന്നു പറഞ്ഞു. (യാക്കോ 2:14-18) വിശ്വാസം വെളിപ്പെടുന്നത് അവനവന്റെ പ്രവർത്തിയിലൂടെ ആയിരിക്കണം. അപ്പന്റെ ആവശ്യത്തിന് ആദ്യം എതിരു പറഞ്ഞ മൂത്ത പുത്രൻ അവന്റെ അനുസരണവും വിശ്വാസവും വെളിപ്പെടുത്തുന്നത് പ്രവൃത്തിയിലൂടെയാണ്. ഇവനാകട്ടെ നമുക്കേവർക്കും 'റോൾ മോഡൽ'

കർത്താവു പരാമർശിച്ച കഥയിലെ മൂത്ത പുത്രനെപ്പോലെ നമുക്ക് അനുതാപത്തിലേക്ക് തിരിയാം. പിതാവിന്റെ ഇഷ്ടം നിറവേറ്റി അവനെ സന്തോഷിപ്പിക്കാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ് വലിയ മെത്രാപ്പോലീത്താ**



# സമുദായ വാർത്തകൾ

റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

ക്നാനായ സമുദായത്തിന്റെ 2018-2019 ലെ പ്രവർത്തന റിപ്പോർട്ടും കണക്കുകളും പാസ്സാക്കുന്നതിനു വേണ്ടി ആഗസ്റ്റ് 30-ാം തീയതി ക്നാനായ അസ്സോസിയേഷൻ മീറ്റിംഗ് കൂടുകയാണ്. പുതിയ ക്നാനായ കമ്മറ്റി ചുമതല ഏറ്റതിനുശേഷമുള്ള ആദ്യത്തെ പ്രവർത്തന റിപ്പോർട്ടാണ് അവതരിപ്പിക്കുവാൻ പോകുന്നത്. ചുരുങ്ങിയ നാളുകൾ കൊണ്ട് പുതിയ കമ്മിറ്റിയ്ക്ക് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യുവാൻ സാധിക്കുമായിരുന്ന ചില കാര്യങ്ങളിലേക്ക് ഒരു എത്തിനോട്ടം നടത്തുവാൻ ആഗ്രഹിക്കുകയാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസനത്തിന് കഴിഞ്ഞവർഷം ലക്ഷക്കണക്കിന് രൂപാ സഹായം ചെയ്തു. വെള്ളം കയറിയ സമുദായത്തിലെ ഇടവക ജനങ്ങൾക്ക് സമ്പത്തിക സഹായവും സാധന സാമഗ്രികളും വിതരണം ചെയ്തു. കൂടാതെ വിദ്യാഭ്യാസം, വൈദ്യസഹായം, വിവാഹ ധനസഹായം, എന്നിവക്കായി സാമ്പത്തിക സഹായങ്ങൾ നൽകുവാൻ സാധിച്ചിട്ടുണ്ട്.

10-ാം ക്ലാസ്സ് പരീക്ഷയിലും +2 കോഴ്സുകളിലും എല്ലാ വിഷയങ്ങളിലും ഉന്നതവിജയം നേടുന്ന കുട്ടികൾ, ഡിഗ്രി കോഴ്സുകളിൽ ഫസ്റ്റ് ക്ലാസ്സ് ലഭിക്കുന്ന കുട്ടികൾ, എഞ്ചിനിയറിംഗ്, മെഡിസിൻ വിഷയങ്ങളിൽ ഗ്രാജുവേഷൻ ലഭിച്ചവർ എന്നിങ്ങനെ പരീക്ഷകളിൽ ഉന്നതവിജയം ലഭിക്കുന്ന കുട്ടികളേയും മാതാപിതാക്കളേയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എല്ലാവർഷവും മെരിറ്റ് അവാർഡ് എന്നൊരു പരിപാടി നടത്തിവരുന്നു. ഇക്കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട പത്തനംതിട്ട ജില്ലാകളക്ടർ ശ്രീ ആർ.ബി. നൂഹ് I.A.S. ഈ പരിപടി ഉദ്ഘാടനം ചെയ്തു. ഏതാണ്ട് 500 ഓളം കുട്ടികൾക്ക് അവാർഡ് നല്കി.

നമ്മുടെ ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകദിനമായ ജനുവരി 15 'ക്നാനായ സഭാദിന'മായി ആചരിപ്പാൻ അന്ത്യോഖ്യയുടെ പരി. ഇഗ്നാത്തിയോസ് സഖാപ്രഥമൻ ബാവാ നമുക്കു കല്പന നല്കിയിട്ടുണ്ട്. 2019 ജനുവരി 15, സഭാദിനത്തിൽ ചിങ്ങവനം മാർ അപ്രേം സെമിനാരിക്കു സമീപമുള്ള സമുദായം വക കെട്ടിടത്തിൽ "ക്നാനായ മെഡിക്കൽ മിഷൻ & സേവേറിയോസ് പാലിയേറ്റീവ് യൂണിറ്റ്" എന്നൊരു സ്ഥാപനം ഉദ്ഘാടനം ചെയ്തു. വിദഗ്ധരായ ഡോക്ടർമാരും നേഴ്സുമാരും ഇവിടെ പ്രവർത്തിക്കുന്നു. സമീപപ്രദേശങ്ങളിലുള്ള രോഗികൾക്ക് ആശ്വാസം പകരുന്നതു കൂടാതെ ഭവനങ്ങളിൽ പോയി കിടപ്പുരോഗികളെ സന്ദർശിച്ച് ആതുരസേവനം സൗജന്യമായി നടത്തുന്നു. ലാബ്, എക്സ്റേ യൂണിറ്റ്, ഫാർമസി എന്നിവയും കൂടി ഉൾപ്പെടുത്തി. സമീപഭാവിയിൽ തന്നെ ഇതൊരു വലിയ പ്രസ്ഥാനമായി മാറ്റുവാനാണുദ്ദേശിക്കുന്നത്. എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ആംബുലൻസാണ് അത്യാവശ്യമായി ഉടൻ വേണ്ടത്. അതിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. 2019 ഫെബ്രുവരിയിൽ നടന്ന മഞ്ഞനിക്കര തീർത്ഥാടകർക്ക് സൗജന്യമായി ഔഷധങ്ങൾ വിതരണം ചെയ്യുകയും, ചികിത്സ നല്കയും ചെയ്തു.

സമുദായത്തിന്റെ അഭിമാനമായി വടപുറത്തു പ്രവർത്തിക്കുന്ന മാർ ക്ലീമ്മീസ് യു.പി. സ്കൂളിന് 2.27 ഏക്കൽ സ്ഥലം സ്വന്തമായുണ്ട്. സ്കൂളിൽ 5,6,7 ക്ലാസ്സുകളിലായി 202 കുട്ടികൾ പഠിക്കുന്നു. 5,6,7 ക്ലാസ്സുകളിൽ ഓരോ ഡിവിഷൻ ഇംഗ്ലീഷ് മീഡിയമായി പ്രവർത്തിക്കുന്നു.

പുതിയ മോഡേൺ സ്മാർട്ട് ക്ലാസ്സ് റൂം തുടങ്ങി. ഈ കഴിഞ്ഞ വർഷം പുതിയ കോൺക്രീറ്റ് സ്കൂൾ കെട്ടിടം നിർമ്മിക്കുകയുണ്ടായി. അതിൽ സ്മാർട്ട് ക്ലാസ്സ് മുറികൾ ക്രമീകരിച്ചിരിക്കുന്നു. ശ്രീ. അബ്ദുൽ വഹാബ് എം.പി. ഫണ്ടിൽ നിന്നും രണ്ടു ലക്ഷം രൂപയാണ് സ്മാർട്ട് ക്ലാസ്സുമുറികൾക്കായി അനുവദിച്ചു തന്നിരിക്കുന്നത് എന്നത് നന്ദിയോടെ ഓർക്കുന്നു. പുതിയ സ്ക്കൂൾ ബസ്സ് വാങ്ങി. സ്കൂളിന്റെ ഗ്രൗണ്ട് ആധുനീകരിച്ചു; പുതിയ ഒരു കിണറും കുഴിച്ചു ജലക്ഷാമം പരിഹരിക്കുകയും ചെയ്തു.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ കുറ്റമറ്റരീതിയിൽ സ്കൂൾ ഏറ്റെടുത്ത് നടത്തിവരുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടി വിജയഭേരി പരിഹാരബോധനം, മുൻപന്തിയിൽ നിൽക്കുന്ന കുട്ടികൾക്കുവേണ്ടി U.S.S. പരിശീലനം, സംസ്കൃത സ്കോളർഷിപ്പ് പരിശീലനം എന്നിവ ചിട്ടയായി നടത്തിവരുന്നു. ഇതിന്റെ ഫലമായി കഴിഞ്ഞ രണ്ടുവർഷവും U.S.S. ലഭിച്ചിട്ടുണ്ട്. സംസ്കൃതം സ്കോളർഷിപ്പ് രണ്ടു വർഷവും ആറു കുട്ടികൾക്ക് വീതം ലഭിച്ചിട്ടുണ്ട്.

ക്നാനായ സമുദായംവക ഒരു സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുക എന്നത് നമ്മുടെ സമുദായത്തിന്റെ ഒരു ദീർഘകാലസ്വപ്നം ആയിരുന്നു. നെല്ലിക്കലുള്ള 3 ഏക്കറോളം വരുന്ന നമ്മുടെ സ്ഥലത്ത് കോളേജ് സ്ഥാപിക്കാൻ ഒരുങ്ങിയെങ്കിലും, അതു പ്രാവർത്തികമാക്കാൻ സാധിച്ചില്ല. ഒരു സ്ഥലത്തു തന്നെ അഞ്ചേക്കർ ഭൂമി സമുദായത്തിന് സ്വന്തമായി ഇല്ലാതെ, ഈ സ്വപ്നം സാക്ഷാത്കരിക്കാൻ സാധിക്കില്ല. ആകയാൽ പുതുതായി 5 ഏക്കർ സൗകര്യപ്രദമായ സ്ഥലം കണ്ടുപിടിച്ച് കോളേജ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അതിനുള്ള മൂലധനം സമാഹരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

നമ്മുടെ പൂർവ്വികർ എ.ഡി. 345 ൽ ഉറഹായിൽ നിന്നും എത്തി മലങ്കരയിൽ കപ്പലിറങ്ങിയ കൊടുങ്ങല്ലൂരിൽ ഒരു 'ക്നാനായ പൈതൃക സ്മാരകം" പണിയുക എന്നത്

നമ്മുടെ സമുദായത്തിന്റെ ഒരു സ്വപ്നമായിരുന്നു. ദൈവത്തിന്റെ കൃപയാൽ ഈ കുടിയേറ്റത്തിനു നേതൃത്വം കൊടുത്ത വണിക് ശ്രേഷ്ഠൻ വി. ക്നായി തോമ്മായുടെയും ഉറഹാ മാർ യൗസേഫ് മെത്രാന്റെയും ശവകുടീരങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ സമീപത്തുതന്നെ സ്ഥലം വാങ്ങുകയും സ്മാരകം പണി ആരംഭിച്ച് അതിന്റെ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിൽ എത്തി നില്ക്കുന്നു. താമസംവിനാ പണി പൂർത്തീകരിച്ചു സ്മാരകം സമുദായത്തിന് സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

വർഷങ്ങളായി യാതൊരു മെയിന്റനൻസും ചെയ്യാതെ ചോർന്ന് ഒലിച്ചുകിടന്നിരുന്നു. 100 വർഷം പഴക്കമുള്ള സമുദായ ആസ്ഥാനത്തിന്റെ അവസ്ഥ വളരെ ശോചനീയമായിരുന്നു. എന്നാൽ പഴമ നിലനിർത്തിക്കൊണ്ടു എല്ലാ ആധുനിക സൗകര്യങ്ങളോടുകൂടി അതിന്റെ നവീകരണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ പൂർത്തീകരണത്തിനു വേണ്ടി പ്രവർത്തിക്കുന്ന എല്ലാവരേയും അഭിനന്ദിക്കുന്നു.

നമ്മുടെ സമുദായത്തിലെ വൈദീകരുടെ ശമ്പള വർദ്ധനവ് 2013 നു ശേഷം വർദ്ധനവ് ഉണ്ടായിട്ടില്ല. ഈ കമ്മറ്റി നിലവിൽ വന്നപ്പോൾ ആദ്യം കൂടിയ കമ്മറ്റിയിൽ ശമ്പള വർദ്ധനവിനുള്ള തീരുമാനം എടുക്കുകയും 29-01-2018 ൽ കൂടിയ അസ്സോസിയേഷൻ ചരിത്രത്തിൽ ആദ്യമായി വലിയ ഒരു വർദ്ധനവും ബഹുമാനപ്പെട്ട വൈദീകർക്കു കൊടുക്കുവാൻ തീരുമാനം എടുക്കുകയും അതു കൊടുത്തു തുടങ്ങുകയും ചെയ്തു. 30-07-2019-ൽ കൂടിയ ക്നാനായ വൈദികയോഗം ക്നാനായ അസ്സോസിയേഷൻ വൈദികരുടെ ശമ്പള വർദ്ധനവ് നടപ്പിലാക്കുവാൻ തക്കവണ്ണം ക്രമീകരണം ചെയ്ത ക്നാനായ കമ്മിറ്റിയെ ഐക്യകണ്ഠ്യേന അഭിനന്ദിക്കുകയും നന്ദി അറിയിക്കുകയും ചെയ്തു.

ഇപ്പോൾ സമുദായത്തിൽ കേസുകളും വഴക്കുകളും എല്ലാം കുറഞ്ഞു. നമ്മുടെ അഭി. തിരുമേനിമാർ എല്ലാവരും ഒറ്റക്കെട്ടായി സമാധാനത്തിലാണ് സമുദായത്തിലെ പ്രവർത്തനങ്ങൾ നടത്തുന്നത്. ശാശ്വത സമാധാനം ഉണ്ടാകുവാൻ ആണ് സമുദായ അംഗങ്ങൾ ആഗ്രഹിക്കുന്നത്. കഴിഞ്ഞ ഒരു വർഷം ക്നാനായ കമ്മറ്റി അംഗങ്ങളോടു ചേർന്ന് നല്ല രീതിയിൽ സമുദായത്തിലെ അംഗങ്ങളെ മുമ്പോട്ടുകൊണ്ടുപോകുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. ആയതിന് ഞങ്ങളെ സഹായിച്ച എല്ലാവരോടും ഉള്ള നന്ദിയും അറിയിക്കുന്നു. ●

# പൗരോഹിത്യ വജ്ര ജൂബിലി



*പൗരോഹിത്യവജ്ര ജൂബിലി ആഘോഷിക്കുന്ന വെരി. റവ.എം.എ.കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പായെ ഐസക്ക് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പുരസ്ക്കാരം നൽകി ആദരിക്കുന്നു.*

സമൂഹത്തിന്റെയും, സഭയുടെയും രാഷ്ട്രത്തിന്റെയും അടിസ്ഥാനശില കുടുംബമാണ്. അതുകൊണ്ടാണ് കുടുംബത്തെ മനുഷ്യത്വത്തിന്റെ വിദ്യാലയമെന്നും സമുദായത്തിന്റെ അടിസ്ഥാനമെന്നും വിശേഷിപ്പിക്കുന്നതെന്നു മൈലാപ്പൂർ - ബാംഗ്ലൂർ ഭദ്രാസനാധിപൻ ഐസക്ക് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഉദ്ബോധിപ്പിച്ചു. സനാതനവും, സാന്മാർഗ്ഗികങ്ങളുമായ എല്ലാ മൂല്യങ്ങളുടെയും കൈമാറ്റം നടക്കേണ്ടത് കുടുംബങ്ങളിലൂടെയാണ്. കുടുംബങ്ങളിലെ വിശ്വാസാചരണങ്ങളും, ധാർമ്മികതയും, വ്യക്തിബന്ധങ്ങളിലൂടെയും, പരസ്പര സ്നേഹത്തിലൂടെയും, ത്യാഗത്തിൽ വേരൂന്നി മാതൃകയാക്കാൻ പുതുതലമുറയെ സജ്ജമാക്കി സമൂഹത്തിൽ വിതക്കപ്പെടുവാൻ അവരെ ഒരുക്കണമെന്നു മെത്രാപ്പോലീത്താ ഊന്നിപ്പറഞ്ഞു. മന്ദമരുതി സെന്റ് തോമസ് ക്നാനായ കുരിശുപള്ളിയിൽ നടത്തപ്പെട്ട കുടുംബ സ്നേഹസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ക്നാനായ അതിഭദ്രാസനത്തിൽ സീനിയർ വൈദികൻ എം.എ. കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പാ ചിറയിലിന്റെ പൗരോഹിത്യ വജ്രജൂബിലി ആഘോഷവും അനുമോദനവും മെത്രാപ്പോലീത്താ നിർവ്വഹിച്ചു. ഫാ. ജിജി പുന്നൂസ് പുത്തൻ പുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. വെരി.റവ.എം.എ.കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പാ ചിറയിൽ, ആലിച്ചൻ ആറൊന്നിൽ, എം.സി. ഏബ്രഹാം മുരിക്കോലിപ്പുഴ, പ്രസാദ് പീടികയിൽ, ബിബിൻ കല്ലംപറമ്പിൽ, കുരുവിള വരാത്തറ എന്നിവർ പ്രസംഗിച്ചു.

# വിജയകരമായ ക്രിസ്തീയ ജീവിതം

ഫാ. റോയി മാത്യൂസ് കോറെപ്പിസ്ക്കോപ്പാ, മുളമൂട്ടിൽ

നിന്റെ ജീവിത കാലത്ത് ഒരിക്കലും ഒരു ശത്രുവും നിന്റെ നേരെ നിൽക്കുകയില്ല. ഞാൻ മോശയോടുകൂടെ ഇരുന്നതു പോലെ നിന്നോടു കൂടെ ഇരിക്കും ഉറപ്പും ധൈര്യവും ഉള്ള വനായിരിക്ക. (യോശുവ. 1:5)

നിരന്തരമായ ജയ ജീവിതമാണ് ഒരു ക്രിസ്ത്യാ നിയിൽ നിന്നും ദൈവം ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നത് എന്ന് ഇത് തെളിയിക്കുന്നു. തോറ്റുപോകുന്ന ക്രിസ്ത്യാനി യേശുക്രിസ്തുവിന്റെ സഭയാകുന്ന ശരീര ത്തിൽ തളർന്നുപോയ അവയവമാണ്. വീണ്ടും ജനനത്തിന് പുത്ര സ്വീകാര്യത്തിന് അർഹതവാങ്ങി യേശുവിനെ രക്ഷി താവായി സ്വീകരിച്ച നമ്മിൽ ഓരോരുത്തരിലും ജീവനുള്ള ക്രിസ്തു അധിവസിക്കുന്നതിനാൽ നാം തോൽവിയുള്ള വരായി ജീവിക്കുന്നതിന് യാതൊരു ന്യായവുമില്ല. സകല ശത്രുക്കളെയും യേശു ജയിച്ചു, തന്റെ കാൽക്കീഴാക്കിയിരി ക്കുന്നു. സകലവിധ പരീക്ഷകളിലും അവൻ മുഖാന്തിരം വിജയം സാദ്ധ്യമത്രേ. ഒരു ക്രിസ്ത്യാനി തോറ്റുപോകുന്നു എങ്കിൽ അവൻ തന്റെ ജീവിത ത്തിൽ യേശുവിന് നൽകേണ്ട സ്ഥാനം നല്കിയില്ല എന്നതാണ്. എല്ലാവർക്കും മറ്റുള്ളവർ തങ്ങളെ അംഗീകരിക്കണമെന്നും ജയജീവിതം നയിക്കണമെ ന്നും ആഗ്രഹമുണ്ട്. അതേ സമയം മറ്റുള്ളവരെ അംഗീകരി ക്കാൻ വിമുഖതയുണ്ട്. യേശുവിന്റെ വചനം ഇപ്രകാരമാണ്. (മത്താ.7.12) മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ് വിൻ. ആരോഗ്യപൂർണ്ണമായ സാമൂഹ്യജീവതത്തിന് ഇതിനേക്കാൾ മെച്ചപ്പെട്ട തത്വങ്ങളില്ല. "താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണികൊൾവീൻ. (ഫിലി.2:3) എന്നുള്ള പൗലോസിന്റെ ഉദ്ബോധ നവും ഇതോട് ചേർത്തു വായിക്കുക. അപ്പോൾ സമൂഹത്തിൽ ഉന്നത സ്ഥാനം പ്രാപിക്കാൻ സാധിക്കും. പാപികളായ മാന വരെ പാപവിമോ ചിതരാക്കുവാൻ ദൈവപുത്രൻ സ്വന്ത ജീവൻ മറുവിലയായി നൽകി എന്നു പറഞ്ഞിട്ട് യോഹന്നാൻ ശ്ലീഹാ എഴുതുന്നു. പ്രിയമുള്ളവരെ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേ ണ്ടതാകുന്നു. (1. യോഹ. 4:11) ദൈവം അദൃശ്യനാണെങ്കിലും മനുഷ്യർ തമ്മിൽ തമ്മിൽ അംഗീകരിക്കുകയും സ്നേഹിക്കു കയും ചെയ്യുന്നിടത്ത് ദൈവത്തെ കാണാം എന്ന യോഹ ന്നാൻ ശ്ലീഹ സാക്ഷിക്കുന്നു. (1.യോഹ. 4:12)

ഓരോ ക്രിസ്ത്യാനിയും അഭിമുഖീകരിക്കേണ്ട മൂന്നു ശത്രുക്കളാണുള്ളത്. ലോകം, ജഡം, പിശാച്.

### ഒന്നാമത്തെ ശത്രു ലോകമാണ്

ദുഷ്ടത നിറഞ്ഞ ഇന്നത്തെ ലോകവും അതിന്റെ സകല വിധമായ ദോഷങ്ങളും ക്രിസ്ത്യാനിയുടെ ശത്രുവാണ്. ലോകത്തിന്റെ പ്രഭുവാണ്. ഈ ലോകത്തിന്റെ സകല കാര്യങ്ങളും നമ്മെ പാപത്തിലേക്ക് നയിക്കുന്നതാണ്. ലോകത്തിലേക്ക് നയിക്കുന്നതാണ്. ലോകത്തിലെ ദുഷ്ടത നിറഞ്ഞ ആളുകളും ദുഷ്ടശക്തികളും വിശ്വാസിയുടെ ശത്രുവാണ്. ലോകത്തിന്റെ മോഹവും പ്രതാപവും വെറും നശ്വരമാണ്. ദൈവ രാജ്യത്തിന്റെ യാഥാർത്ഥ്യങ്ങളോട് അവയെ തുലനം ചെയ്താൽ അവ ഒന്നും അല്ലെന്നു മനസ്സിലാക്കാം. ആയതിനാൽ ലോകത്തെ സ്നേഹിക്കരുത് എന്ന് വേദം പഠിപ്പിക്കുന്നു. ക്രിസ്തീയ സഭയ്ക്ക് ലോകത്തിനു സന്ദേശം നൽകുന്നതിനായിട്ടുണ്ട്. നിങ്ങൾ ലോകത്തിൽ എന്റെ സാക്ഷികളാകുവീൻ എന്ന് കർത്താവ് കല്പിച്ചിട്ടുണ്ട്. എന്നാൽ സഭാമക്കൾ ലോകമനുഷ്യരെ പ്പോലെ ജീവിച്ചു കൊണ്ട് ഈ സന്ദേശം ലോകത്തോട് അറിയിച്ചാൽ അവർ സ്വീകരിക്കുകയില്ല. ലോക മനുഷ്യരെ പോലെ താണ നിലയിൽ ജീവിക്കുന്ന ഒരു ക്രിസ്ത്യാനിയെ ലോകമനുഷ്യർ ബഹുമാനിക്കുന്നില്ല. അവരുടെ സാക്ഷ്യം വ്യാജമാണെന്നു ലോകം പറയും. ആത്മീകമായ ജീവിത ത്തിലെ ഉന്നതമായ കാര്യങ്ങൾ ലോകത്തെ തകർക്കാതി രിക്കില്ല. സ്ഥായിയായ ത്യാഗം അവകാശപ്പെടുന്ന മാർഗ്ഗ ത്തിനു മാത്രമേ ബഹുമാനത്തെ ആർജിക്കുവാൻ സാധിക്കൂ. ഉദാഹരണത്തിന് 20–ാം നൂറ്റാണ്ടിൽ ജീവിച്ച മദർതെരേ സായുടെ ജീവിതം. ലോകം അവരെ മാനിച്ചു ബഹുമാനിച്ചു. മരണശേഷവും വിശുദ്ധയായി ജനഹൃദയങ്ങളിൽ ജീവി ക്കുന്നു. വിലക്കപ്പെട്ട കനിയോടുള്ള അത്യാഗ്രഹം ഹവ്വായെ പാപത്തിലും ശാപത്തിലും തള്ളിവിട്ടു. ലോക സ്നേഹ ത്തോടുള്ള അത്യാഗ്രഹം ഹവ്വായെ പാപത്തിലും ശാപ ത്തിലും തള്ളിവിട്ടു. ലോക സ്നേഹത്തോടുള്ള അത്യാഗ്ര ഹം ലോത്തിനെയും സോദോഗോമോറയേയും നശിപ്പിച്ചു. പായസത്തോടുള്ള അത്യാഗ്രഹം ഏശാവിന്റെ ജ്യേഷ്ടാവ കാശവും അനുഗ്രഹങ്ങളും നഷ്ടപ്പെടുത്തി. അനീതിയുള്ള കൂലി ബലയാം പ്രവാചകനെ വാളി നിരയാക്കി. സമ്പത്തി നോടുള്ള പ്രതിപത്തി ആഖാനേയും കുടുംബത്തേയും നശിപ്പിച്ചു. സമ്മാനത്തോടുള്ള അത്യാഗ്രഹം ഗേഹസിയെ ജീവപര്യന്തം കുഷ്ടരോഗിയാക്കി.

### രണ്ടാമത്തെ ശത്രു ജഢമാണ്

അധ:പതിച്ച പഴയ മനുഷ്യസ്വഭാവത്തിനാണ് ജഡം എന്നു പറയുന്നത്. ആ പഴയ ആദാം പ്രാകൃത മനുഷ്യനിൽ വെളിപ്പെട്ടു കാണുന്നതും ആദാമിന്റെ സന്തതിക്ക് ജന്മസിദ്ധമായി ലഭിച്ചി രിക്കുന്നതുമായ പാപ സ്വഭാവമത്രെ ഇത്. ഒരു ക്രിസ്ത്യാനിയുടെ സന്തോഷത്തെ ഇല്ലാതാക്കി തീർക്കുന്നതും അവന്റെ സാക്ഷ്യത്തെ നശിപ്പി ക്കുന്നതു മായ സകല പാപങ്ങളും ജഡസ്വഭാ വത്തിൽ നിന്നാണ് ഉണ്ടാകുന്നത്. ഗലാ.5:9 ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത അസൂയ, മദ്യപാനം, വെറിക്കുത്ത് മൂതലായവ.

ലോകം നമുക്ക് വെളിയിൽനിന്ന് പ്രശ്നങ്ങൾ ഉണ്ടാക്കു ന്നു. നമ്മുടെ ഉള്ളിൽ വസിക്കുന്ന പാപം ആണ് ജഡം എന്നുപറയാം. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ള രുതാത്തവരായി തീർന്നു. ലോകത്തിന്റെ യഥാർത്ഥ പ്രശ്നം പാപമാണ്. കേവലം രണ്ടക്ഷരത്തിൽ രൂപപ്പെട്ടിരി

ക്കുന്ന ചെറിയ പദത്തിൽ പാപം സകലവേദനയും സങ്കടവും, ഹൃദയനൊമ്പരവും വ്യാധികളും മരണവും മനുഷ്യാരംഭം മുതൽ ഇന്നയോളം ഉൾപ്പെട്ടിരിക്കുന്നു. പാപത്തിനു മുൻപ് മരണമോ, വേദനയോ കണ്ണുനീരോ ഉണ്ടായിരുന്നില്ല. പാപം ചെയ്തു ആദാം നഷ്ടപ്പെടുത്തിയ പറുദീസാ തുല്യമായ ജീവിതം നമുക്ക് തിരികെ തരുവാനാണ് കർത്താവ് കാൽവറിയിൽ മരിച്ചത്. ദൈവത്തിന്റെ നിത്യമായ കരുണ എത്ര ഭയങ്കരമായ നിലയിൽ അധ:പതിച്ച പാപിയേയും ഉദ്ധരിക്കുവാൻ ഇറങ്ങി ചെല്ലുന്നത്രേ. യേശു വന്നത് പാപികളുടെ രക്ഷകനായിട്ടത്രേ. പാപം അറിയാത്ത പരിപാവനനായ ദൈവപുത്രന് പാപികളോട് ക്ഷമിക്കുവാനും അവരെ അംഗീകരിക്കുവാനും സന്ദേഹമില്ലായിരുന്നു. പട്ടണത്തിലെ പാപിനിക്ക് പാപക്ഷമ നൽകി അംഗീകാരം കൊടുത്തു (ലൂക്കോ. 7.36-50) മുടിയനായ പുത്രനെ അവന്റെ ആകുന്ന അവസ്ഥയിൽ സ്വീകരിച്ച് കർത്താവ് പറയുക യാണ്. ഒരു മനുഷ്യന് 100 ആട് ഉണ്ടെന്നിരിക്കെ അവയിൽ ഒന്നു തെറ്റി ഉഴന്നു പോയാൽ 99 നേയും വിട്ടേച്ചു തെറ്റിപ്പോയതിനെ തിരിയുന്നില്ലയോ ദൈവത്തിന്റെ കരുണയുടെ ചിത്രമാണ് ഇവിടെ കാണുന്നത്. ദൈവം നിന്നെ അന്വേഷിച്ചുകൊ ണ്ടിരിക്കുകയാണ്. വായനക്കാരാ നീ ദൈവത്തി ങ്കലേക്ക് തിരികെ വരണമെന്നുള്ളതത്രേ തന്റെ ആഗ്രഹം. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു പ്രകാരത്തിലും തള്ളിക്കളയുകയില്ല. നമുക്ക് നഷ്ടപ്പെട്ടുപോയ പദവി തിരികെ ലഭിക്കുന്നതിന് ആഴമായ കുറ്റബോധത്തോടുകൂടി സത്യമായ കുമ്പസാരം നടത്തേണ്ടതാണ്. (1. യോഹ. 1:9) നാം നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മേ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്ഥനും നീതിമാനുമാകുന്നു. പൗലോസ്ശ്ലീഹാ പറയുന്നു. നന്മ ചെയ്യുവാൻ എനിക്ക് ആഗ്രഹം ഉണ്ട് എങ്കിലും ഇച്ഛിക്കാത്ത തിന്മ എന്നെകൊണ്ട് ചെയ്യിക്കുന്ന തിന്മയുടെ വാസന എന്നിൽ ഉണ്ട്. മരണത്തിന് അതീതമായ ഈ ശരീരത്തിൽനിന്ന് ആർ എന്നെ വിടുവിക്കും. രാജകൊട്ടാരത്തിലെ ഉല്ലാസങ്ങളിൽ ആറാടിയ ദാവീദ് പറയുന്നു ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ. രാജാവാകുന്നതല്ല പാപം നീക്കി കിട്ടുന്നതാണ് ഭാഗ്യാവസ്ഥ.

### മൂന്നാമത്തെ ശത്രു പിശാചാണ്

പിശാചിന് ആളത്വം ഉണ്ടെന്നും ഈ ദുഷ്ട ലോകത്തിൽ ഭരണാധികാരി അവനാണെന്നും വിശുദ്ധ വേദ പുസ്തകം പഠിപ്പിക്കുന്നു. എന്നാൽ സാത്താന്റെ വലിയ തന്ത്രങ്ങളിൽ ഒന്ന് അവൾ കേവലം സങ്കല്പ ശക്തിയാണെന്ന് മനുഷ്യനെ വിശ്വസിപ്പിക്കുക എന്നതാണ് Devil എന്ന പദത്തിലെ D എടുത്തുകളഞ്ഞ് Evil തിന്മ എന്നു മാത്രം കാണണം എന്നതാണ് അവന്റെ തന്ത്രം ദൈവത്തിനു തന്റെ സഭയെക്കുറിച്ചും ലോകത്തെ ക്കുറിച്ചും വിശ്വാസികളെക്കുറിച്ചും ഉള്ള ഉദ്ദേശ ത്തെ തോല്പിക്കുക എന്നതാണ് പിശാചിന്റെ ലക്ഷ്യം. നമ്മുടെ ആത്മാവിന്റെ നിരന്തരം ശത്രുവാണ് പിശാച് കഴിയുമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരേയും നശിപ്പിക്കുവാൻ ഊടാടി നടക്കുകയാണ് അവൻ. അവന്റെ തന്ത്രങ്ങളോട് എതിർത്തു നില്പാൻ ദൈവത്തിന്റെ സർവ്വായുധവർഗ്ഗമെന്ന വചനമാകുന്ന വാൾ എടുക്കണം. വചനം ഉപയോഗിച്ചാണ് നമ്മുടെ കർത്താവ് അവന്റെ പരീക്ഷയിൽ വിജയിച്ചത്. വചനം പഠിക്കണം വചനംകൊണ്ട് എതിർക്കണം.

ക്രിസ്തുവില്ലാത്ത ക്രിസ്തീയതയാണ് ഇന്ന് ദൈവത്തിന് ഏറ്റവും വലിയ ദുഃഖം ഇത് നാസ്തികതയെക്കാൾ അപകടകരമാണ്. വി. പൗലോസ് റോമർക്ക് എഴുതിയ ലേഖനത്തിൽ (8:9) ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല എന്ന് എഴുതിയിരിക്കുന്നു. ക്രിസ്തുവിൽ പണിയപ്പെടാത്തതൊക്കെയും കാലക്രമത്തിൽ നിലം പതിക്കും. ഇന്ന് പലർക്കും ക്രിസ്തുവിനേക്കാൾ പ്രധാനമായിരിക്കുന്നത് ദേവാലയമാണ്. കർത്താവ് പറയുന്നു. (മത്താ. 12:6) ദേവാലയത്തേക്കാൾ വലിയവൻ ഇവിടെ ഉണ്ട്. യേശു പറഞ്ഞു. എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പുപോലെ പുറത്തു കളഞ്ഞിട്ട് അവൻ ഉണങ്ങിപ്പോകുന്നു. ആവക ചേർത്തു തീയിൽ ഇടുന്നു. അതു വെന്തു പോകും. (യോഹ.15:16) അതേ ക്രിസ്തുവിൽ നിലനിൽക്കാത്തത് ഒക്കെയും ഉണങ്ങിക്കൊണ്ടിരിക്കുകയാണ്. ഒടുവിൽ അത് ചെന്നെത്തുന്നത് തീയിലും തീച്ചൂളയിലും ഉന്മൂലനാശം തന്നെ ഫലം.

യോശുവായോട് യഹോവ കല്പിച്ചതുപോ ലെ മോശയോട് എപ്രകാരം ഇരുന്നു അപ്രകാരം തന്നെ യോശുവായോട്കൂടി ഇരുന്നു. എല്ലാ യുദ്ധങ്ങളിലും യഹോവ തന്നെ യുദ്ധം ചെയ്തു കനാൻ ദേശത്ത് കൊണ്ടുചെന്ന് അവിടെ 12 ഗോത്രങ്ങൾക്കും വസ്തുക്കൾ വീതംവച്ചു കൊടുക്കുവാനും ഞാൻ എന്റെ കുടുംബമോ ഞങ്ങൾ യഹോവയെ സേവിക്കും എന്ന തീരുമാനത്തോടെ വിജശ്രീലാളിതനായി പിതാക്കന്മാരോട് ചേരുവാനും സാധിച്ചു. ●

## ശെമ്മാശപട്ടം സ്വീകരിച്ചു



തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽപ്പെട്ട വാലിപറമ്പിൽ പരേതനായ വി. എ. ഏബ്രഹാമിന്റെയും അന്നമ്മ ഏബ്രഹാമിന്റെയും മകൻ **റ്റിജു ഏബ്രഹാം** 29-05-2019 ബുധനാഴ്ച വള്ളംകുളം മോർ ഏലിയാസ് ത്രിതീയൻ ക്നാനായപള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്താ ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ, അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ എന്നിവരുടെ അനുഗ്രഹീത തൃക്കരങ്ങളാൽ ശെമ്മാശപട്ടം (എഫ്ദിയാക്നോ) സ്വീകരിച്ചു. മുളന്തുരുത്തി M.S.O.T സെമിനാരി അവസാനവർഷ വിദ്യാർത്ഥിയാണ്.

# വി. കൂദാശകൾ വിശ്വാസിയുടെ സംരക്ഷണ കവചം

**റ്റി. കെ. തോമസ്, തൈകുറിഞ്ഞിയിൽ**

ഒരിക്കൽ സാത്താൻ ദൈവത്തോട്! വെറുതെയോ, ഈയ്യോബ് ദൈവഭക്തനായിരിക്കുന്നത്? നീ അവനും, അവനുള്ള സകലത്തിനും ചുറ്റും വേലികെട്ടിയിട്ടില്ലയോ? (ഈയ്യോബ് 1:10). വി.വേദപുസ്തകത്തിൽ ഏറെ പ്രസക്തമായ ഈ വചനം, വി. കൂദാശയിലൂടെ വിശ്വാസിക്കു ലഭിക്കുന്ന സംരക്ഷണത്തിന്റെ പ്രത്യക്ഷ ഉദാഹരണമാണ്. ഒരു ക്രിസ്തീയ വിശ്വാസിക്ക് ജനനം മുതൽ മരണം വരെ ഉള്ള ഈ ഭൂമിയിലെ ജീവിതത്തിന്, സഭ നിശ്ചയിച്ചിട്ടുള്ള കൂദാശകൾ വിശ്വാസിയുടെ ദൈവികസംരക്ഷണം നൂറുശതമാനം ഉറപ്പു നൽകുന്നു. വി. മാമോദീസാ എന്ന അതിശ്രേഷ്ഠമായ കൂദാശയിലൂടെ ശിശുപ്രായത്തിൽ തന്നെ പരിശുദ്ധാത്മ അഭിഷേകം പ്രാപിക്കുന്ന ശിശു ദൈവിക സംരക്ഷണ വലയത്തിലാകുന്നു. വി. കുർബ്ബാനാ സ്വീകരണത്തോടെ തുടർന്ന് കർത്താവിന്റെ തിരുശരീരരക്തങ്ങളിൽ പങ്കാളിയാകുകയും ചെയ്യുന്നു. എന്റെ ശരീരം ഭക്ഷിക്കുകയും, എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും, ഞാൻ അവനിലും വസിക്കുന്നു. വിവാഹം എന്ന കൂദാശയിലൂടെ പരസ്പരം ദൈവത്താൽ വിശ്വാസികൾ സംയോജിപ്പിക്കപ്പെടുമ്പോൾ, സമൃദ്ധമായ ഒരു കുടുംബജീവിതം കെട്ടിപ്പടുക്കാനും, ഉത്തമ സന്താനങ്ങളാൽ അനുഗ്രഹീതരാകുവാനും ദൈവം ഇടയാക്കുന്നു. മരണാനന്തര ശുശ്രൂഷ എന്ന കൂദാശയിലൂടെ ഓയാറിൽ പതിയിരിക്കുന്ന ദു:ഷ്ട ശക്തികളുടെ പിടിയിൽ അകപ്പെടാതെ, വിശ്വാസിയായി വാങ്ങിപ്പോയ വ്യക്തിയുടെ ആത്മാവ് ദൂതന്മാരുടെ അകമ്പടിയോടെ ഇമ്പങ്ങളുടെ പറുദീസയിൽ വിശ്രമം ഉറപ്പാക്കുന്നു. ഇതാണ് ഒരു വിശ്വാസിയുടെ ജീവിതത്തിൽ വിശുദ്ധകൂദാശകൾ നൽകുന്ന സംരക്ഷണം. ഈ വിശുദ്ധ കൂദാശകളെ നാം എത്രമാത്രം ഗൗരവത്തോടെ സമീപിക്കുന്നു എന്നതിൽ ഊന്നിയാണ് നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന ദൈവിക സംരക്ഷണം. വി.മാമോദീസാ സ്വീകരിക്കുന്ന പൈതൽ തലതൊട്ട അപ്പന്റെയോ, അമ്മയുടെയോ, വിശ്വാസപ്രഖ്യാപനത്തോടെയാണ് പട്ടക്കാരനാൽ മൂറോനഭിഷേകത്തോടെ മാമോദീസ സ്വീകരണം നടക്കുന്നത്. വി. കൂദാശകൾക്ക് ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ ഏറെ പ്രാധാന്യം നൽകിക്കൊണ്ട് ഗൗരവത്തോടെ കൂദാശകളെ സമീപിക്കുന്നു എങ്കിൽ സ്വർഗ്ഗത്തിൽ നിന്നും അനുഗ്രഹങ്ങളും, സംരക്ഷണവും ഉണ്ടാകും എന്നതിൽ തർക്കമില്ല. ഒരുക്കത്തോടെ നമുക്കു സമീപിക്കാം ഓരോ കൂദാശകളേയും പ്രാപിക്കാം. ദൈവികാനുഗ്രഹങ്ങളേയും.

# ശതാബ്ദി ജൂബിലി സ്മാരക ചികിത്സാ സഹായനിധി ഉദ്ഘാടനം



നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളിയിലെ സൺഡേ സ്കൂളിന്റെ ശതാബ്ദിയോടനുബന്ധിച്ച് ചികിത്സാ സഹായ ഫണ്ടിന്റെ ഉദ്ഘാടനം അഭി. ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്തായ്ക്ക് സി. കെ. ബേബി ചെറുശ്ശേരിക്കളം നൽകുന്നു. വികാരി ഫാ. ഷിബിൻ ഏബ്രഹാം മണിമലേത്ത്, പ്രവീൺ മാത്യു പഴയകളം നെയ്ശ്ശേരിൽ, ആലീസ് ജയിംസ് കോലത്ത് എന്നിവർ ഫണ്ട് നൽകി.

നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളിയുടെ സൺഡേസ്കൂളിന്റെ ശതാബ്ദി ജൂബിലി ആഘോഷ പരിപാടിയുടെ ഭാഗമായി ഒരു കോടി രൂപായുടെ ശതാബ്ദി ജൂബിലി സ്മാരക ചികിത്സാ സഹായ നിധിയുടെ ഉദ്ഘാടനം 14-7-2019 ഞായറാഴ്ച വി. കുർബ്ബാനയെ തുടർന്ന് അഭി. ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ചെറുശ്ശേരിക്കളം സി. കെ. ബേബി യിൽ നിന്ന് നിധിയിലേയ്ക്കുള്ള ചെക്ക് സ്വീകരിച്ച് നിർവ്വഹിച്ചു. തുടർന്ന് ഇടവക വികാരി റവ. ഫാ. ഷിബിൻ ഏബ്രഹാം മണിമലേത്ത് പഴയകളം നെയ്ശ്ശേരിൽ പ്രവീൺ മാത്യു, കോലത്ത് ആലീസ് ജയിംസ് എന്നിവരും സംഭാവന നൽകുകയുണ്ടായി.

ഇതിനോടനുബന്ധിച്ച് സമ്മാനകൂപ്പണിന്റെ ഉദ്ഘാടനവും അഭി. തിരുമേനി നെടുവോപ്പിൽ ടിയാ രാജു, തെക്കേവരാത്ര ചച്ചു ചെറിയാൻ എന്നിവർക്കു നൽകി നിർവ്വഹിച്ചു.

സെപ്തംബർ 11 മുതൽ 15 വരെ ദിവസങ്ങളിൽ നടത്തപ്പെടുന്ന സമാപന സമ്മേളനത്തിലേയ്ക്ക് മുഴുവൻ സഭാസ്നേഹികളേയും സ്വാഗതം ചെയ്യുന്നു.

# വിവാഹിതരായി







Advt - O

ഇരവിപേരൂർ സെന്റ് മേരീസ് പള്ളി ഇടവകയിൽ കുറ്റുവേലിൽ ജോമോൻ ഏബ്രഹാമിന്റെയും തങ്കം ജോമോന്റെയും മകൻ **LT. Ashish K. Abraham** ഉം ഇതേ ഇടവകയിൽ പീടികയിൽ സാം പി. ജേക്കബിന്റെയും ഡെയ്നി ചെറിയാന്റെയും മകൾ **Dr. Megha Chinnu Sam** ഉം തമ്മിലുള്ള വിവാഹം 2019 ജൂൺ 30–ാം തീയതി ഇരവിപേരൂർ സെന്റ് മേരീസ് പള്ളിയിൽ വച്ച് അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

# 1st Wedding Anniversary

02–08–2019



**AKHIL RAJU &**
**EMY SUSAN ABRAHAM**

**Palamoottil (H), Kuttoor, Thiruvalla**

*With Lots of Love & Prayers by*
*dear & near*

Advt - O

# വിവാഹിതരായി



Advt - R

ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളി ഇടവകയിൽ പുത്തൻപറമ്പിൽ ചാക്കോ തോമസിന്റെയും ജെസ്സി തോമസിന്റെയും മകൻ **Melvin Thomas** ഉം കറ്റോട്ട് സെന്റ് മേരീസ് പള്ളി ഇടവകയിൽ കിടങ്ങേറ്റിപറമ്പിൽ കെ. എ. തോമസിന്റെയും റെനി തോമസിന്റെയും മകൾ **Rinu Thomas** ഉം തമ്മിലുള്ള വിവാഹം 2019 ജൂലൈ 4 ന് അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തയുടെ മുഖ്യ കാർമികത്തിൽ ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളിയിൽ വെച്ചു നടത്തപ്പെട്ടു.

# 50 – ാം വിവാഹ വാർഷികം

25 – 08 – 2019



**മറിയാമ്മ സഖറിയ** (ഡെയ്സികുട്ടി) **& സഖറിയ ടി. ജോസഫ്** (ബേബിച്ചൻ)

തെക്കുംതറ, തിരുവൻവണ്ടൂർ

"ഇത്രത്തോളം യഹോവ സഹായിച്ചു, ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി."

*ആശംസകളോടെ,*
*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt - R

# 50th Wedding Anniversary



**M. A. Abraham (Joy)&**
**Sosamma Abraham**
**Mavelil, Chingavanam**

*With Love & Prayers*

**Binoy & Julie, Riya, Hannah, Rachel**
**Beena & Shaji, Zac, Sarah, Seniah**
**Binu & Prenitha, Abel, Samuel, Daniel**



# 50th Wedding Anniversary

24-08-2019

## Sunny Kavalakal & Suma

Kavalakal House
Kottayam

*With love from*

Joe & Tina Manavalan
Tanya & Jayden

Joe & Donna Kuruvithadam
Amith & Christeen.

Advt - O

# വിവാഹിതരായി



നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയ പള്ളി ഇടവകയിൽ പഴയകളം നെയ്ശേരിൽ കെ. യു. തോമസിന്റെയും Late ശോശാമ്മ തോമസിന്റെയും മകൻ **Tobin Thomas** ഉം തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ ഇടവകയിൽ വടക്കേലയ്യത്ത് തോമസ് ഏബ്രഹാമിന്റെയും കുഞ്ഞുമോൾ തോമസിന്റെയും മകൾ **Maria Thomas** ഉം തമ്മിലുള്ള വിവാഹം 2019 ജൂലൈ 4-ാം തീയതി അഭി. കുറിയാക്കോസ് മോർ ഇവാനിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയ പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

Advt - R



PROJECT BY WAKE WORLD ASSOCIATION OF KNANAYA ENTREPRENEURS

KNANAYA WEDDINGS.COM

ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി

www.knanayaweddings.com

എറണാകുളം
70254 22 022

ചിങ്ങവനം
94461 46000

info@knanayaweddings.com I knanayaweddings@gmail.com



15th Wedding Anniversary

22-08-2019



Minu P. Kuriakose &
Adv. Manju Minu
Valiyaparayil Matha Thuruthy

Best Wishes
Matha Agencies, Fiorano Enterprises
Palathra, Changanacherry

Advt -G

40-ാം ചരമദിനം

18-07-2019



തങ്കമ്മ ഏബ്രഹാം

കിടങ്ങേറ്റിപറമ്പിൽ, കറ്റോട്

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

Advt - O

കഴിഞ്ഞ ലക്കം തുടർച്ച



ഫാ. ഡോ. ജയിംസ് തോടത്തിൽ
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം: ദൈവശാസ്ത്ര-മന:ശാസ്ത്ര വീക്ഷണത്തിൽ

**സ്വയം ശൂന്യമാക്കുന്ന സ്നേഹം (തുടർച്ച)**

അച്ചൻ ജോസഫിന്റെ പിതാവ് ചാക്കോച്ചൻ അപ്പാപ്പനോട് പറഞ്ഞുറപ്പിച്ചതനുസരിച്ചാണ് ആ സമയത്ത് മക്കളെയും കൊണ്ട് അദ്ദേഹം അവിടെയെത്തിയത്.

ജോസഫ് ലിസിയെയും മക്കളെയും ചേർത്തുപിടിച്ചു. ഗദ്ഗദത്തോടെ അച്ചനോട് പറഞ്ഞു.

"അച്ചാ, വിവരക്കേടാണ് ഞങ്ങൾ കാണിച്ചത്. അച്ചന്റെ വാക്കുകളാണ് ഞങ്ങളെ തിരുത്തുവാനും കുടുംബജീവിതത്തിന്റെ മഹത്വം തിരിച്ചറിയുവാനും സഹായിച്ചത്. നന്ദിയുണ്ടച്ചോ".

"നന്ദിയൊക്കെ ദൈവം തമ്പുരാന്. ഞാൻ എന്റെ പൗരോഹിത്യശുശ്രൂഷ നിർവ്വഹിച്ചുവെന്നു മാത്രം". അച്ചൻ പറഞ്ഞു "തിരിച്ചറിവാണ് പ്രധാനം. തെറ്റുകൾ മനസ്സിലാക്കുവാനും അവ തിരുത്തുവാനും ശ്രമിക്കുന്നവർക്കാണ് വിജയം. അവ തിരിച്ചറിയുവാൻ ദൈവം പല മാർഗ്ഗങ്ങൾ നമുക്കു കാട്ടിത്തരും. അവ പ്രയോജനപ്പെടുത്തുവാൻ നമുക്കു സാധിക്കണം. അവിടെയാണ് ജീവിതവിജയം".

"അളിയോ, എന്റെ പെങ്ങൾ ചെയ്ത തെറ്റിന് ഞാൻ നിരുപാധികം മാപ്പ് പറയുന്നു. എനിക്കു വേണ്ടിയാണല്ലോ അത് ചെയ്തതെന്ന് ഓർക്കുമ്പോൾ എന്റെ ചങ്കുപെടയുകയാണ്. അളിയൻ അത് ക്ഷമിക്കണം".

പറഞ്ഞവസാനിച്ചപ്പോൾ ടോമിയുടെ കണ്ഠം ഇടറിപ്പോയി.

"അയ്യോ അളിയാ അങ്ങനെ പറയല്ലെ. ഞാനാ ക്ഷമ ചോദിക്കേണ്ടത്. എന്റെ അഹങ്കാരമാണ് അടിക്കുവാൻ എന്നെ പ്രേരിപ്പിച്ചത്. ഇപ്പോഴും ഞാൻ പറയുന്നു അളിയന് പണം തന്നതിൽ എനിക്ക് ഒരു വിഷമവുമില്ല".

വല്ലാത്ത ഒരു നൊമ്പരത്തോടെ ജോസഫ് പറഞ്ഞു.

"സംഭവിച്ചതൊക്കെ സംഭവിച്ചു. ഇനിയും എന്തിനാ അതും ഇതുമൊക്കെ പറയുന്നെ. രണ്ടുപേരുടെ ഭാഗത്തും തെറ്റുണ്ട് അപ്പനെന്ന നിലയിൽ രണ്ടുപേരോടും ഞാൻ ക്ഷമിച്ചിരിക്കുന്നു".

ഇത്രയും പറഞ്ഞശേഷം ലിസ്സിയുടെ നേരെ സ്വരം അല്പം കനപ്പിച്ചുകൊണ്ട് ചാക്കോച്ചൻ പറഞ്ഞു

"പിന്നെ, ഒരു കാര്യം പറഞ്ഞേക്കാം. തോന്നുമ്പോൾ വരാനും പോകാനും എന്റെവീടെന്നാടീ വഴിയമ്പലമാണോ. തോന്ന്യാസം ഞാൻ വച്ചുപൊറുപ്പിക്കത്തില്ല. ആദ്യമായിട്ടായതുകൊണ്ട് ഞാൻ കൂടുതലൊന്നും പറയുന്നില്ല. മേലിൽ ഇതാവർത്തിക്കരുത്. നിനക്കെന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ നിനക്കെന്നോടോ അമ്മയോടോ പറയരുതായിരുന്നോ. നിന്നെ ഞങ്ങൾ മകളായിട്ടല്ലെ കണ്ടിരിക്കുന്നത്. മരുമകളായിട്ടല്ലല്ലോ. നാട്ടിൽ വിലയും നിലയുമുള്ള കുടുംബമാണിത്. അത് നീയായിട്ട് തകർക്കരുത്. കുഞ്ഞുങ്ങളെയുമിട്ടിട്ട് പോകാൻ നിനക്കു മനസ്സുതോന്നിയല്ലോ?" ചാക്കോച്ചൻ പറഞ്ഞവസാനിച്ചപ്പോൾ കിതച്ചുപോയി.

ലിസ്സി പെട്ടെന്ന് അപ്പച്ചന്റെ അടുത്തേയ്ക്ക് വന്ന് കൈയ്യിൽ പിടിച്ച് കരഞ്ഞുകൊണ്ടു പറഞ്ഞു.

"അപ്പച്ചൻ എന്നോടു ക്ഷമിക്കണം. എന്റെ ഭാഗത്തെ വീഴ്ചയാ. ഞാൻ മേലിൽ ഇതാവർത്തിക്കില്ല എന്നെ ഇറക്കിവിട്ടാലും ഞാൻ പോകില്ല".

"എടാ ജോസെ, പെണ്ണുങ്ങളെ തല്ലുന്നവൻ ആണല്ല. നിന്റെ അമ്മയെ ഞാൻ തല്ലുന്നത് നീ കണ്ടിട്ടുണ്ടോ? നിനക്കെന്തിനാ ഇത്രയും വിദ്യാഭ്യാസം. കെട്ടിയോളെ തല്ലുന്നത് ആരാണെന്ന് നിനക്കറിയാമല്ലോ. മേലിൽ ഇനിയും ആ കൊച്ചിന്റെ ശരീരത്തെങ്ങാനും നിന്റെ കൈ വീണാൽ ഞാനാ

യിരിക്കും അതിനുള്ള മറുപടി തരുന്നത്. പോത്തു പോലെ വളർന്നിട്ടും ബോധമില്ല. മരങ്ങോടൻ".

ചാക്കോച്ചൻ മകന്റെ നേരെ ചീറി. ജോസഫ് വല്ലാതങ്ങു ചൂളിപ്പോയി. വികാരി അച്ചനും വല്ലാതായി. അന്തരീക്ഷം തണുപ്പിക്കാൻ അച്ചൻ പറഞ്ഞു.

"സാരമില്ല അപ്പാപ്പാ ഇപ്പോഴാ സൽബുദ്ധി ഉണ്ടായത്. ഇനിയും ഇങ്ങനെയൊന്നും സംഭവിക്കയില്ലെന്ന് നമുക്ക് ആശ്വസിക്കാം".

"അച്ചാ സമ്മതിച്ചിരിക്കുന്നു.ഇനിയും ഞാനൊരു കാര്യം പറയുവാൻ പോകയാണ്. ആരും എതിര് പറയരുത്. അല്ല പറഞ്ഞിട്ട് കാര്യവുമില്ല. ഞാൻ ലിസിയെ എന്റെ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകയാണ്. അച്ചന്റെ കൗൺസലിംഗ് എന്റെ വീട്ടിലാണെങ്കിലും നടക്കും. തള്ളയില്ലാതെ എന്റെ പൊന്നുമക്കൾ എത്ര ദിവസമാണ് കഴിഞ്ഞതെന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ"?

പറഞ്ഞു കഴിഞ്ഞതും ചാക്കോച്ചൻ വിതുമ്പിപ്പോയി. ലിസിക്കും പിടിച്ചുനിൽക്കുവാൻ കഴിഞ്ഞില്ല. ലിസി മക്കളെ വട്ടം പിടിച്ചുകൊണ്ടാണ് കരഞ്ഞത്.
"ആരു തടയുന്നു. അപ്പാപ്പൻ പറഞ്ഞതിനെ എതിർക്കുവാൻ ആർക്കാണ് അധികാരം. അല്ലെ ടോമി".

അച്ചൻ ടോമിയുടെ നേരെ തിരിഞ്ഞു.

"പിന്നല്ലാതെ, അപ്പച്ചൻ പറഞ്ഞാൽ തിരുവായ്ക്കെതിർവായ് ഉണ്ടോ അല്ലെ അപ്പച്ചാ. ചാക്കോച്ചന്റെ നേരെ ഒരു പുഞ്ചിരിയോടെ ടോമി നോക്കി".

"പോടാ ഔവ്വെ, ചുമ്മാ കളിയാക്കാതെ. നിന്റെ പെങ്ങളെ എനിക്കും ജോസിന്റെ അമ്മയ്ക്കും എന്തിഷ്ടമാണെന്നറിയാമോ?. എന്റെ മോൾ ലൗലിയെ കെട്ടിച്ചുവിട്ടതിന്റെ വിടവ് നികന്നത് ലിസി എന്റെ വീട്ടിൽ വന്നപ്പോഴാണ്. വേറെ മാറ്റി താമസിപ്പിച്ചത് ഞങ്ങൾക്ക് ഇഷ്ടമുണ്ടായിട്ടല്ല. ഇളയവൻ ജോണിക്കുട്ടി കെട്ടിവരുമ്പോൾ മറ്റ് പ്രശ്നങ്ങൾ ഉണ്ടായെങ്കിലോ എന്നു വിചാരിച്ചാണ്. ലിസി മാലാഖയാണ്. ടോമീ നിനക്കറിയാമോ, ലിസി പോയതിനുശേഷം ഞാനും അവളും ശരിക്ക് ഉറങ്ങിയിട്ടുപോലുമില്ല. ജോസിന്റെ അമ്മയുടെ കണ്ണുതോർന്നിട്ടില്ല. ലിസിമോൾ എന്നുവച്ചാൽ അവൾക്ക് ജീവനാണ്. അതുകൊണ്ടാണ് പറയുന്നത് ഞാൻ അവളെ കൊണ്ടുപോകയാണെന്ന്".

ലിസിക്കു ചങ്കുപൊട്ടുന്നതുപോലെയായി പ്പോയി. എന്റെ ദൈവമെ, ഞാൻ ഇവരെയെങ്കിലും ഓർക്കേണ്ടതായിരുന്നു. ഞാൻ ചെയ്തത് വല്ലാത്ത ചതിയായിപ്പോയി. വാർദ്ധക്യകാലത്ത് ഞാൻ അവർക്കൊരു കണ്ണുനീരായിപ്പോയല്ലോ. ലിസി എല്ലാവരോടുമായി പറഞ്ഞു.

"ഞാൻ തുടങ്ങിവച്ച പ്രശ്നമാണ്, ഞാനായിട്ടുതന്നെ അവസാനിപ്പിക്കുന്നു. ഞാൻ ജോസ്ച്ചായന്റെ കൂടെപ്പോകുകയാ. എന്നെ ഇത്രയധികം സ്നേഹിക്കുന്ന എന്റെ അപ്പച്ചനെയും അമ്മച്ചിയെയും ജോസ്ച്ചായനെയും മക്കളെയും വിട്ട് ഞാനിനിയും എങ്ങോട്ടുമില്ല" ലിസി പറഞ്ഞു നിർത്തി ടോമിയെ നോക്കി.

"ഞാനും അതുതന്നെയാ ആഗ്രഹിക്കുന്നത്" ടോമി പറഞ്ഞു.

ജോസ് അഭിമാനത്തോടെയാണ് തന്റെ ഭാര്യയെക്കുറിച്ച് അപ്പൻ പറഞ്ഞത് കേട്ടു നിന്നത്. ലിസിയുടെ വാക്കുകൾ ആശ്വാസത്തോടെയാണ് ജോസിന്റെ ചെവിയിൽ എത്തിയത്. എന്നാൽ കുറ്റബോധത്തോടെ ജോസ് പറഞ്ഞു.

"മുഴുവൻ കുറ്റവും ലിസി ഏറ്റെടുക്കേണ്ട. എന്റെ ഭാഗത്തും വീഴ്ചയുണ്ട്. അതിന് ഞാൻ നിരുപാധികം മാപ്പ് പറയുന്നു. എന്റെ ഭാഗത്തു നിന്നും ഇങ്ങനെയുള്ള വിവരക്കേട് ഇനിയും ഉണ്ടാകില്ല. ലിസിയെ ഞാൻ വീട്ടിലേക്കു കൊണ്ടുപോകുകയാണ്".

"ഏതായാലും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽ രണ്ടുപേരുടെയും കുറവുകൾ തിരിച്ചറിയുവാൻ കഴിഞ്ഞല്ലോ. എല്ലാവരുടെയും ആഗ്രഹം പോലെ ലിസി ജോസഫിന്റെ വീട്ടിലേക്കു പോകട്ടെ. രണ്ടുദിവസം കഴിയുമ്പോൾ ഞാൻ അങ്ങോട്ടുവരാം. രണ്ടുപേരുടെയും അറിവിലേയ്ക്ക് ചില കാര്യങ്ങൾ കൂടി പറയുവാനുണ്ട്". അച്ചൻ പറഞ്ഞു.

ഈ സംഭവത്തിൽ പറഞ്ഞിരിക്കുന്നതുപോലെ കുടുംബത്തിലൊരു പ്രശ്നമുണ്ടായാൽ അത് പറഞ്ഞവസാനിപ്പിക്കാൻ വീട്ടുകാരും ഇതുപോലൊരു ഇടവകവികാരിയുമുണ്ടെങ്കിൽ വേഗത്തിൽ പരിഹരിക്കപ്പെടും. പലപ്പോഴും വികാരി അച്ചന്മാർ കുടുംബപ്രശ്നങ്ങൾ അറിയുന്നത് വിവാഹമോചനത്തിന്റെ വക്കിൽ എത്തുമ്പോഴാണ്. ദൈവം സംയോജിപ്പിച്ചതിനെ കൂടുതൽ ശക്തിപ്പെടുത്തുവാൻ പല ഘട്ടങ്ങളിലും ദമ്പതികൾക്ക് സഹായം ആവശ്യമുണ്ട്.

പലപ്പോഴും ഭാര്യാഭർത്താക്കന്മാരുടെ എടുത്തുചാട്ടവും, പരസ്പരധാരണക്കുറവും, വിവരക്കേടും കലഹത്തിന് കാരണമാകാറുണ്ട്. ഈ കലഹം വിവാഹമോചനത്തിനും കോടതിവ്യവഹാരങ്ങൾക്കും വഴിഒരുക്കും. ഇത്തരം സാഹചര്യങ്ങളിൽ ബന്ധുമിത്രാദികളും സഭയും സന്ദർഭോചിതമായി ഇടപെടണം. പറഞ്ഞുതീർക്കാൻ കഴിയാത്ത ഒരു വിഷയങ്ങളുമില്ല. ചെറുപ്പത്തിന്റെ ചോരത്തിളപ്പിൽ മുളപൊട്ടുന്ന അഭിപ്രായഭിന്നതകളെക്കുറിച്ച് പക്വതയിലെത്തുമ്പോൾ അവയൊക്കെ ബാലിശമായിരുന്നുവെന്ന് തിരിച്ചറിയുവാൻ കഴിയും. എന്നാൽ അവസരോചിതമായി ചർച്ചചെയ്ത് അഭിപ്രായസമന്വയത്തിൽ എത്തിച്ചാൽ ഇഴപൊട്ടാതെ ആ ബന്ധം തുടരുവാൻ കഴിയും. പ്രാർത്ഥനയും കൗൺസിലിംഗുമൊക്കെ അഭിപ്രായവ്യത്യാസമുള്ള ദമ്പതികളെ അഭിപ്രായസമന്വയത്തിൽ എത്തിക്കുവാൻ സഹായിക്കുന്നു.

ജോസഫിന്റെയും ലിസിയുടെയും വിഷയത്തിൽ സന്ദർഭോചിതമായ ഇടപെടലുകൾ കണ്ടെത്താൻ കഴിയുന്നു. വികാരി അച്ചനും ബന്ധുക്കളുമൊക്കെ അവസരത്തിനൊത്ത് പ്രവർത്തിച്ചതിനാൽ വരാമായിരുന്ന വലിയ ദുരന്തം ഒഴിവായി. ദൈവം സംയോജിപ്പിച്ചതിനെ വേർപിരിക്കരുതെന്ന് മാത്രമല്ല ആ ബന്ധത്തെ സുദൃഢമാക്കുന്നതിന് കുടുംബത്തിനും സഭയ്ക്കും ഉത്തരവാദിത്വമുണ്ടെന്നുള്ളത് അവിതർക്കിതമായ വസ്തുതയാണ്. (തുടരും)

●

കവിത

# വസ്തുത

**ജയ്നമ്മ മർക്കോസ്, നടുവിലേപറമ്പിൽ**

ക്ഷണികമാം ലോകജീവിതത്തിൽ
അതിഥിയായി നമ്മൾ എത്തിടുന്നു
നമ്മുടെ ദൗത്യം പൂർത്തിയാക്കി
കർത്തൻ വിളിക്കുമ്പോൾ മടങ്ങിടുമേ
നീതിമാനായ ഭർത്താവോടൊത്തു
കൃപയുള്ള ഭാര്യ വസിച്ചിടുമ്പോൾ
നന്മ നിറഞ്ഞ മക്കളെ നൽകി
സ്വർഗ്ഗം സന്തോഷം പങ്കിടുന്നു.
പരദേശിയായി പാർക്കുന്ന ഭവനത്തിൽ
വൃദ്ധരാം മാതാപിതാക്കളെയൊക്കെ
മാറോടു ചേർത്തു പിടിക്കുന്ന മക്കൾ
സ്വർഗ്ഗരാജ്യത്തിന്റെ കെട്ടുപണിക്കാർ (2)
കർത്തനോടൊത്തു യാത്ര ചെയ്താൽ
വദനങ്ങളൊക്കെ പ്രകാശിച്ചീടും
വ്യക്തത, ധൈര്യം കിട്ടിക്കൊണ്ട്
ധീരനാം പോരാളി ആയിടുന്നു
എന്നിലെ കുറവുകൾ നീക്കീടുവാൻ
നിന്നുടെ രക്തത്താൽ ഒഴുകണമെ
നിർമ്മലമായൊരു ഹൃദയം തന്നു
എന്നെ മുറ്റും പാലിക്കുക. (2)
കാപട്യവേഷം കെട്ടിക്കൊണ്ട്
നടനമാടുംലോകമേ നിന്നെ
റ്റാറ്റാ, പറഞ്ഞു പിരിഞ്ഞുകൊണ്ട്
ഓരോരോ വ്യക്തിയും വേർപിരിയും (2)
കണ്ണടച്ചു തുറക്കുന്നേരം
ജരാ, നരകൾ പിടിച്ചിടുന്നു
ആയുസ്സിൽ നീളം കുറച്ചിടുന്ന
രോഗങ്ങളൊക്കെ കൂട്ടു കൂടും
ലോകം വിടക്കെന്നെണ്ണിടുമ്പോൾ
സ്വർഗ്ഗത്തിൽ പ്രതിഫലം തിട്ടമല്ലോ
ആർത്തുപാടി സ്തുതിച്ചിടുവാൻ
കാരുണ്യം കൊണ്ടു നിറയ്ക്കണമേ (2)
സഹായക്കാരനാം പരിശുദ്ധാത്മാവേ
അഭിഷേക തൈലം ഒഴിക്കണമേ
ന്യായ തീർപ്പിൽ എത്തിടുമ്പോൾ
നല്ല ദാസനായി ചേർക്കേണമേ
രാജാധി രാജന്റെ കൊട്ടാരത്തിൽ
നീതിസൂര്യന്റെ മണവാട്ടിയായി
ഹല്ലേലൂയ്യ സ്തുതി പാടിടുവാൻ
എൻമനം ഏറ്റം കൊതിച്ചീടുന്നു (2)

# In Utter Misery

May God bless you all !!!

Let me talk about the most trust worthy person; mentioned in Bible. Right from the genesis of the Universe might be from big bang or anyway, it's all done by God; there exist a harmony between God and the universe and that same harmony can be seen between job and God.

"The Lord gore and now he had taken away, may his name be praised". In spite of everything that had happened, Job did not sin by blaming God and then also his feeble hands still raised to heaven.

He was the most righteous person lived in uz as he was gifted with 7 son and 3 daughters and so many prosperous land and all and the most rich men in the East. On one point, as he suffers total disaster he loss all his children and is afflicted with a repulsive disease also. He has been an unusually good and a righteous person. Job doesn't lose his faith but he does long to be justified before God to lagan his honor as a good man. At last, he has restored to former condition with even greater prosperity then before.

"Be righteous, as he took in his hands;
Be Good before as he shook his treasurers;
Be love before as he done his promises
Be trust worthy before as he come from the heaven".

**Manna Reji, Kunnuthara**



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ചിന്നമ്മ & ജെസി**

---

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി കുഴിമറ്റം**

---

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**തോമസ് ചെറിയാൻ**

# ഒരു ന്യായശാസ്ത്രിയുടെ ചോദ്യവും യേശുവിന്റെ മറുപടിയും

ലീലാമ്മ ഏബ്രഹാം, പാലക്കുടി, കുഴിമറ്റം

ന്യായശാസ്ത്രി–: "ഗുരോ നിത്യജീവൻ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണം" എന്ന് യേശുവിനോട് ചോദിച്ചു. യേശു– ന്യായപ്രമാണത്തിൽ എങ്ങനെ എഴുതപ്പെട്ടിരിക്കുന്നു? നീ എങ്ങനെ വായിക്കുന്നു? എന്നു ചോദിച്ചു. ന്യായശാസ്ത്രി– നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും, പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും സ്നേഹിക്കണം. നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്നു പറഞ്ഞു.

ന്യായശാസ്ത്രി വീണ്ടും എന്റെ അയൽക്കാരൻ ആര് എന്നു ചോദിക്കുന്നു. യേശു ഉത്തരമായി നല്ല ശമരിയാക്കാരന്റെ ഉപമ പറഞ്ഞു കൊടുക്കുന്നു.

ഒരു മനുഷ്യൻ യെരുശലേമിൽ നിന്ന് യെരിഹോയിലേക്ക് ഇറക്കം ഇറങ്ങി പോകയായിരുന്നു. കൊള്ളക്കാർ അവന്റെ മേൽ ചാടിവീണ് അവന്റെ വസ്ത്രം ഉരിഞ്ഞ് അവനെ അടിച്ചു. അവനിൽ അല്പം ജീവനിരിക്കെ അവനെ ഉപേക്ഷിച്ചു പോയി. ഒരു പുരോഹിതൻ ആ വഴിയേ ഇറങ്ങി വരാൻ ഇടയായി. അയാൾ അവനെ കണ്ട് കടന്നുപോയി. ഒരു ലേവ്യനും ഇങ്ങനെതന്നെ ആ സ്ഥലത്തെത്തി അവനെ കണ്ട് കടന്നു പോയി. ഒരു ശമരിയാക്കാരൻ യാത്ര ചെയ്യവേ അവൻ കിടക്കുന്ന സ്ഥലത്തെത്തി അവനെ കണ്ട് അവനോട് മനസ്സലിവു തോന്നി. അവന്റെ മുറിവുകൾ വച്ചു കെട്ടി വീഞ്ഞും എണ്ണയും കൊണ്ട് അവനവന്റെമേൽ ധാരകോരി അവന്റെ കഴുതപ്പുറത്ത് അവനെ കയറ്റിയിരുത്തി സത്രത്തിലേക്ക് കൊണ്ടുവന്നു. പിറ്റേ പ്രഭാതത്തിൽ അയാൾ സത്രക്കാരന് 2 ദിനാറോ ഏല്പിച്ചിട്ട് അയാളോട് ഇവന്റെ കാര്യത്തിൽ ശ്രദ്ധിക്കണം കൂടുതൽ എന്തെങ്കിലും ചിലവാക്കുന്നു എങ്കിൽ ഞാൻ തിരിച്ചു വരുമ്പോൾ തന്നുകൊള്ളാം എന്നു പറഞ്ഞുപോയി. ആകയാൽ കൊള്ളക്കാരുടെ കൈയ്യിൽ അകപ്പെട്ടുപോയ ആ മനുഷ്യന് അയൽക്കാരനായി തീർന്നത് ഈ മൂവരിൽ ആരാണെന്നാണ് നിനക്ക് തോന്നുന്നത് എന്നു ചോദിച്ചു. അവനോട് കരുണ ചെയ്തവൻ തന്നെ എന്ന് അവൻ പറഞ്ഞു. നീയും പോയി ഇങ്ങനെ തന്നെ ചെയ്യുക എന്ന് യേശു പറഞ്ഞു.

**ഈ അയൽക്കാരൻ ആര്?**

പഴയ നിയമ വീക്ഷണത്തിൽ യഹൂദൻ വിജാതിയനെ കണ്ടാൽ അവൻ വിട്ടു മാറി പോകണം. അവരുടെ ഈ സങ്കുചിത മനോഭാവം മാറ്റുവാൻ കർത്താവിനു ലഭിച്ച ഒരു സുവർണ്ണാവസരം തക്കത്തിൽ ഉപയോഗിക്കുന്നതായി കാണാം. 20 മൈൽ നീണ്ടു കിടക്കുന്ന യെരുശലേം–യെരീഹോപാത ഒരു വലിയ കയറ്റവും വളവുകൾ ഏറെയുള്ളതും കവർച്ചക്കാരുടെ വിഹാര കേന്ദ്രമായിരുന്നു. യെരുശലേം സമുദ്ര നിരപ്പിൽനിന്ന് 2300 അടി ഉയരത്തിലും യെരിഹോ സമുദ്ര നിരപ്പിൽ നിന്നും 1300 അടി താഴ്ചയിലും ചാവുകടലിനടുത്തുമായിരുന്നു.

സംഘമായിട്ടല്ലാതെ ആരും യാത്ര ചെയ്യാത്ത ആ വഴിയിൽ കൂടെ ഏകനായ യാത്രികൻ കവർച്ചയും പുറമെ അമിത ദേഹോപദ്രവവും അനുഭവിച്ചു. കടന്നുപോയ പുരോഹിതൻ യെരുശലേം ദൈവാലയത്തിലേക്ക് പോകുന്നവൻ. ആ മരണാസന്നനായ മനുഷ്യൻ മരിച്ചവനാണെങ്കിൽ അവനെ സ്പർശിച്ചാൽ 7 ദിവസത്തെ അശുദ്ധി ഉണ്ടാകും സംഖ്യ 19–11, അയാൾക്ക് വരാവുന്ന വിഷമം മറ്റുള്ളവനോടുള്ള കടമയിൽനിന്നും, സ്നേഹത്തിൽ നിന്നും, അയാളെ പിന്തിരിപ്പിച്ചു.

പിന്നെ വന്ന ലേവ്യൻ വിചാരിച്ചിരിക്കാം ഇവ നെ ഉപദ്രവിച്ചവർ ഈ പരിസരത്ത് എവിടെയെങ്കിലും കാണും വെറുതെ ആപത്തിൽ തലയിടണ്ട സ്വന്തം കാര്യം ഒന്നാമത്, അപരനെന്തും വരട്ടെ എനിക്കെന്തു കാര്യം.

തുടർന്നു വന്ന ശമര്യക്കാരൻ മുൻപ് സൂചിപ്പിച്ചതുപോലെ യഹൂദന്റെ ബദ്ധശത്രുക്കളായ ശമര്യരിൽ ഒരാൾ. യഹൂദന്മാരുടെ നോട്ടത്തിൽ ഒരു വേദവിപരീതി. കർത്താവിനെ ആക്ഷേപിച്ച് യെഹൂദർ വിളിച്ച ഒരു പേരാണ് ശമര്യാക്കാരൻ (യോഹ. 8:48). അയാളിൽ പ്രകടമാകുന്നത് സ്വരക്ഷ അവഗണിച്ചും, ജാതി നോക്കാതെയും അവശരെ സഹായിക്കുക, അവരെ വഹിക്കുക, സ്വന്തം കഴുതപ്പുറത്ത് അവനെ ഇരുത്തി അയാൾ നടക്കുക, അവനായി ചിലവഴിക്കുക; സ്നേഹത്തിൽ നിന്നുദിച്ച മനോഭാവം. പുരോഹിതനും, ലേവ്യനും ചിലപ്പോൾ അനുശോചനം അറിയിച്ചു കാണും. എന്നാൽ ശമരിയാക്കാരനോ തന്റെ കർത്തവ്യം നിവർത്തിച്ചു. ശാസ്ത്രി മനസ്സിലാക്കിയത് അയൽക്കാരൻ എന്നു പറഞ്ഞാൽ ദൈവത്തിന്റെ മക്കളായ എല്ലാവരും എന്നായിരിക്കാം. എന്നാൽ ദയ കാണിച്ചവനാണ് യഥാർത്ഥ അയൽക്കാരൻ എന്ത് ശാസ്ത്രിയെ കൊണ്ട് സമ്മതിപ്പിച്ചു. കർത്താവ് അവനോടു പറഞ്ഞു നീയും പോയി അങ്ങനെ തന്നെ ചെയ്യുക എന്ന്.

മഹത്തരമായ ഈ ഉപമയിലൂടെ പ്രത്യക്ഷമാകുന്ന ധ്യാനാത്മക ചിന്തകൾ കൂടി പങ്കുവയ്ക്കാം.

യാത്രക്കാരൻ– ആദാം പ്രതിനിധീകരിക്കുന്ന മനുഷ്യമാർഗ്ഗം, യെരുശലേം– ദൈവ സാന്നിദ്ധ്യത്തിന്റെ ഉന്നതാവസ്ഥ. യെരീഹോയിലേക്കുള്ള ഇറങ്ങിപ്പോക്ക്– പാപത്തിലേക്കുള്ള അധഃപതന ജീവിതം. കവർച്ചക്കാരൻ– സാത്താനും പരീക്ഷകളും അവനെ മൃതപ്രായനാക്കുന്നു ദൈവകൃപയാകുന്ന വസ്ത്രം ഉരിഞ്ഞു കളയുന്നു. ശാരീരികമായി അങ്ങേയറ്റം പാപിയെങ്കിലും അവന്റെ ആത്മാവ് പൂർണ്ണമായി നഷ്ടപ്പെടാതെ അർദ്ധ പ്രാണനായി ജീവിക്കുന്നു. ദൈവ സാന്നിദ്ധ്യത്തിൽ നിന്നുള്ള വേർപാട് ഓർത്ത് അവൻ ദുഃഖപരവശ

നായി കഴിയുന്നു. പുരോഹിതൻ– മോശൈക ന്യായപ്രമാണാനുസരണമുള്ള ആചാരത്വത്തെയും, ലേവ്യൻ മോശൈക പ്രമാണാനുസൃതമുള്ള കർമ്മങ്ങളേയും സൂചിപ്പിക്കുന്നു. ശമരിയാക്കാരൻ–കർത്താവ്. മനുഷ്യന്റെ അധ:പതനത്തിൽനിന്നും താങ്ങിയെടുക്കുന്നു. സ്വന്തരക്തമാകുന്ന വീഞ്ഞും വി. തൈലമാകുന്ന മൂറോനുംകൊണ്ട് പാപവ്യണങ്ങളെ കഴുകി സഭയാകുന്ന വഴിയമ്പലത്തിൽ എത്തിക്കുന്നു. സത്രാധിപന്മാരാകുന്ന പ്രധാനാചാര്യന്മാരുടെ ചുമതലയിൽ ഏൽപിക്കുന്നു. അവന്റെ സംരക്ഷണത്തിനായി 2 ദിനോറോ നല്കുന്നു. പഴയ, പുതിയ നിയമങ്ങൾ, അതിനു പുറമെ വി. മാമ്മോദീസാ, വി.കുർബ്ബാന എന്നിവ നല്കുന്നു അതിനു ശേഷം താൻ യാത്ര തുടർന്ന് മനുഷ്യ ദൃഷ്ടിക്ക് അഗോചരമാക്കുന്നു. അവനെയും അവന്റെ സംരക്ഷണച്ചുമതല വഹിക്കുന്നവരേയും ദർശിക്കാൻ വീണ്ടും വരും. ഇതാണ് സുറിയാനി സഭയുടെ പ്രത്യാശ. ഇങ്ങനെ നമ്മുടെ കർത്താവിന്റെ മനുഷ്യവതാര ഉദ്ദേശവും രക്ഷാപ്രവർത്തനവും വി. പിതാക്കന്മാർ ഈ ഉപമയിൽ കൂടി വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. ഈ ഉപമയിൽക്കൂടി നമുക്കു ലഭിക്കുന്ന സന്ദേശം എന്ത്. ജാതി, മതം ഒന്നും നോക്കാതെ എല്ലാം ദൈവത്തിന്റെ സൃഷ്ടിയാണെന്നു കരുതി. അപരനെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക. ●

## ക്നായിതോമാ പ്രാർത്ഥനായോഗം

പൂവൻതുരുത്ത്: ക്നായിതോമ പ്രെയർ ഫെലോഷിപ്പിന്റെ ആഗസ്റ്റ് മാസത്തെ പ്രാർത്ഥനായോഗം 25-08-2019 ഞായറാഴ്ച വൈകുന്നേരം 6 ന് ചിങ്ങവനം സെന്റ് മേരീസ് ശാലേംപള്ളി ഇടവകയിൽപ്പെട്ട കല്ലുകടവിൽ ശ്രീ. ബിജു. കെ. അലക്സിന്റെ പൂവൻതുരുത്ത് പവ്വർഹൗസിന്റെ പുറകിലുള്ള ഭവനാങ്കണത്തിൽവച്ച് നടത്തുന്നു. റവ. ഫാ.ഡോ. പ്രിൻസ് മണ്ണത്തൂർ (മുളന്തുരുത്തി) മുഖ്യ സന്ദേശം നൽകുന്നതാണ്.

## ക്നായിതോമാ പ്രയർഫെലോഷിപ്പ് പുതിയ ഭാരവാഹികൾ

ആർച്ച് ബിഷപ്പ് കുറിയാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ (പ്രസിഡന്റ്) റവ.ഫാ. സി.സി. ഏലിയാസ് കട്ടയിൽ, റവ.ഫാ. ബിബിൻ ബേബി തിരുനിലം (വൈസ് പ്രസിഡന്റ്) എം.എം. ഏലിയാസ് മടുക്കമൂട്ടിൽ (കോ.ഓർഡിനേറ്റർ), സജി കട്ടയിൽ (ജനറൽ സെക്രട്ടറി), കൊച്ചുമോൻ മടുക്കമൂട്ടിൽ (ജോ. സെക്രട്ടറി), റ്റി.കെ. ഏബ്രഹാം താഴ്ചയിൽ (ട്രഷറർ), ജിയോമോൻ ചാണ്ടി പ്ലാത്താനത്ത് കരോട്ട് (ഓഡിറ്റർ) ഇവരെ 15-7-19ൽ കൂടിയ പൊതുയോഗം തെരഞ്ഞെടുത്തു.

## ക്നാനായ ദീപം അറിയിപ്പുകൾ

നമ്മുടെ പള്ളികളിലെ പൊതു വാർത്തകളും,ഫോട്ടോകളും മറ്റും ദീപത്തിൽ പ്രസിദ്ധീകരിക്കുവാൻ കൊണ്ടുവരുമ്പോൾ ഇടവക വികാരിയുടെ ഒപ്പോടുകൂടി ലഭിക്കുന്നതു മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. വരിസംഖ്യകളും പരസ്യ ചാർജുകളും ഓൺലൈനായും അടയ്ക്കാവുന്നതാണ്

**Acc. No. 57004254154**
Knanaya Deepam, IFSC SBI N 0070128, SBI, Chingavanam

## സ്മരണാഞ്ജലി

**37-ാം ചരമവാർഷികം**
**31 - 07 - 2019**



**ഇട്ടിയവര**
**പച്ചംകുളത്ത്**
**പടിഞ്ഞാറ്റോതറ, തിരുവല്ല**

*സന്തപ്ത കുടുംബാംഗങ്ങൾ*

**4-ാം ചരമവാർഷികം**
**15 - 08 - 2019**



**തങ്കമണി മാത്യു**
**കാട്ടടി (തൈപ്പറമ്പിൽ)**
**നീലംപേരൂർ**

*സന്തപ്ത കുടുംബാംഗങ്ങൾ*

## വിവാഹ ഒരുക്ക സെമിനാർ

2019 സെപ്തംബർ മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 12,13,14 തീയതികളിൽ ക്ലീമീസ് സെന്ററിൽ വച്ചു നടത്തുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായമുള്ള യുവാക്കളും 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതികളും വിവാഹമുറപ്പിക്കുന്നതിനു മുമ്പുതന്നെ ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ വിവാഹത്തിനു മുമ്പ് സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഫാമിലി ഡയറക്ടറേറ്റുമായി ബന്ധപ്പെടുക. സെമിനാറിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി അറിയിക്കണം.

**Fr. Dr. James Jacob Thodathil**
(Director)
Ph: 9447456204
**Fr. Jiji Punnoose Puthenpurackal**
(Secretary) Ph: 9447119918

# ശബ്ദമലിനീകരണം അപകടകരമായ നിലയിൽ നമ്മുടെ ദൈവാലയങ്ങളിൽ!!

അശോക് കുറിയാക്കോസ്, കേളച്ചന്ദ്ര

2018 ഡിസംബർ മാസത്തിൽ ക്രിസ്തുമസി നോട് അനുബന്ധിച്ച് കേരളത്തിലെ രണ്ട് ക്നാനായ പള്ളികളിൽ വിശുദ്ധ കുർബ്ബാനയ്ക്ക് സംബന്ധി ക്കുവാൻ ഇടയായപ്പോൾ അനുഭവപ്പെട്ട ദൈവാലയങ്ങളുടെ ഉള്ളിലെ ഉച്ചഭാഷി ണികളുടെ അമിതമായ ശബ്ദമലിനീകരണത്തിലേക്ക് ബന്ധപ്പെട്ട എല്ലാവരുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്.

നമ്മുടെ പള്ളികളിൽ ഉച്ചഭാഷിണികളിൽ നിന്നുണ്ടാകുന്ന കാതടപ്പിക്കുന്ന വലിയ ശബ്ദങ്ങൾ പല വിശ്വാസികളെയും ദൈവാലയ ങ്ങൾക്ക് വെളിയിലേക്ക് ഇറങ്ങിനിന്ന് ആരാധനയിൽ സംബന്ധിക്കുവാൻ പ്രേരിപ്പിക്കുന്നു എന്നതാണ് സത്യം. പള്ളികൾക്കുള്ളിൽ സ്ഥാപിച്ചിരിക്കുന്ന അതിശക്തമായ ഉച്ചഭാഷിണികൾനിന്നും ഉണ്ടാകുന്ന രൂക്ഷമായ ശബ്ദതരംഗങ്ങൾ നമ്മുടെ കേൾവിയെ മാത്രമല്ല, മറ്റ് നിരവധി ആരോഗ്യ പ്രശ്നങ്ങൾക്കും കാരണ മാകുന്നു എന്ന് ഭൂരിപക്ഷം ആളുകളും അറിയുന്നില്ല. ഈ വിഷയത്തെ പൊതുജനശ്രദ്ധയിലേക്ക് കൊണ്ടുവരേണ്ടത് അടിയന്തര ആവശ്യം എന്ന് ഞാൻ കരുതുന്നു.

ഉച്ചഭാഷിണികൾ ഉണ്ടാക്കുന്ന വലിയ ശബ്ദങ്ങൾ നാം തുടർച്ചയായി മണിക്കൂറുകൾ കേൾക്കുമ്പോൾ നമ്മുടെ ശ്രവണ ശക്തിക്ക് ഉണ്ടാകാവുന്ന പ്രശ്നങ്ങൾ കൂടാതെ രക്ത സമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗങ്ങൾ, ഉറക്കമില്ലായ്മ, ചെവിയിൽ ഉണ്ടാകുന്ന മറ്റ് അസ്വസ്ഥതകൾ മുതലായ നിരവധി രോഗങ്ങൾ ഉണ്ടാകുവാനുള്ള സാധ്യതകൾ വളരെ കൂടുതലാണ്. മുതിർന്നവരെ ക്കാൾ ഇത്തരം ശബ്ദങ്ങൾ നമ്മുടെ കുഞ്ഞുങ്ങളിൽ വരുത്തുന്ന വിനകൾ ആരും ചിന്തിക്കാറില്ല.

സാധാരണ ശബ്ദം അളക്കുന്നത് Decibels ൽ ആണ്. താപമാപിനി (Thermometer) പോലെയുള്ള Decibel Meter എന്ന യന്ത്രത്തിന്റെ സഹായത്തോ ടെ നമുക്ക് ശബ്ദത്തെ അളക്കുവാൻ സാധിക്കും. ഒരു സാധാരണ കേഴ്‌വി ഉള്ള മനുഷ്യന് പൂജ്യം Decibels ൽ ഉള്ള ശബ്ദം കേൾക്കുവാൻ കഴിയും. വളരെ നല്ല കേഴ്‌വി ശക്തിയുള്ള ഒരാൾക്ക് മൈനസ് 15 DB യിൽ ഉള്ള ശബ്ദംപോലും വ്യക്തമായി കേൾക്കുവാൻ കഴിയും. എന്നാൽ 85 DB യിൽ നാം തുടർച്ചയായി 15 മിനിറ്റ് ഉച്ചഭാഷിണികളിൽ നിന്ന് വരുന്ന ശബ്ദം കേട്ടാൽ നമ്മുടെ കർണ്ണപുടങ്ങളിൽ ഉള്ള അതിസൂക്ഷ്മമായ രോമകൂപങ്ങൾക്ക് സ്ഥിരമായ കേട് സംഭവിക്കുന്നു. നാം എത്ര സമയം കൂടുതൽ ഈ ശബ്ദപരിധിയിൽ ആയിരിക്കുന്നു വോ, അത്രയധികം ആയിരിക്കും നമ്മുടെ ശരീര അവയവങ്ങൾക്ക് തകരാറുകൾ ഉണ്ടാകുവാൻ ഉള്ള സാധ്യത.

**അപകടകരമല്ലാത്ത ശബ്ദത്തിന്റ level എന്താണ്?**

ദൈവാലയങ്ങൾക്കുള്ളിൽ അനുവദിക്കാവുന്ന പരമാവധി ശബ്ദം 85 മുതൽ 90 വരെ DBA ആണ്. അപൂർവ്വ സന്ദർഭങ്ങളിൽ 90–95 DBA എന്ന പരിധിയിലേക്ക് ഉയരാം. മേൽപ്പറഞ്ഞ അളവിൽ കൂടുതൽ നമ്മുടെ ദൈവാല യങ്ങൾക്ക് ഉള്ളിലുള്ള ശബ്ദം നിയന്ത്രിക്കേണ്ട തുതന്നെയാണ്. Earphone ഉപയോഗിക്കുന്നവർ പരമാവധി ശബ്ദം കുറച്ച് വേണം മ്യൂസിക് തുടങ്ങിയ ശബ്ദങ്ങൾ ചെവിക്കു ള്ളിലേക്ക് കടത്തിവിടുവാൻ.

ചുരുക്കത്തിൽ ഏറ്റവും പ്രധാനമായി നാം മനസ്സിലാക്കേണ്ടത് ശബ്ദമലിനീകരണത്താൽ ഉണ്ടാകുന്ന കേഴ്‌വിക്കുറവ് ചികിത്സിച്ച് മാറ്റാൻ കഴിയില്ല എന്നതാണ്. It is irreversible loss of our natural God given ability to hear. അതിനാൽ നമ്മുടെ ദൈവാലയങ്ങൾക്ക് ഉള്ളിലെ ശബ്ദം ശാസ്ത്രീയമായി അളന്ന് നിർണ്ണയിക്കുവാനും അനുവദനീയമായ പരിധിയിൽ ക്രമീകരിക്കുവാനും ആവശ്യ മായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

The risk levels are too high to ignore. Please think and act before it is too late. Thank you.

**NAZARETH ASRAMAM, OTHERA**
**26.05. 2019TO 25.07.2019**

**Donations**

| | |
|---|---|
| Marykutty Kunnukandathil | 1835/- |
| Binu Abraham Vadakkummuriyil Eraviperoor | 6000/- |
| A Well wisher Ranni | 3500/- |

**FEAST**

Alen Thomas Melayil Kallissery
Leo Abraham Elamkavil Ranni
Anju Kurian Thalapalamalayil Othera

**Sponsorship**

Philip Kurian Mangalathu Eraviperoor 2250/-

**Fr. Mathew Uthuppan Cherukarethu**
**Secretary/Director**

# ഉണങ്ങിയ അസ്ഥികളുടെ താഴ്‌വര

കൊച്ചുമോൻ, പള്ളിക്കപ്പറമ്പിൽ, ചിങ്ങവനം

യെഹെസ്ക്കേൽ 37-ാം അദ്ധ്യായത്തിൽ ഉണങ്ങിയ അസ്ഥികളുടെ താഴ്‌വര കാണുന്ന ഒരു ആത്മീയ ദർശനം ഉണ്ടായി. ഇതിന്റെ പൊരുൾ എന്താണെന്ന് വിശദീകരിക്കാം.

യേശുവിനെ കുരിശിൽ തറച്ചുകൊന്ന യൂദന്മാർക്കുണ്ടായ ശാപാവസ്ഥയാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. അവരുടെ തലമുറയ്ക്ക് എന്ത് സംഭവിച്ചെന്ന് ചരിത്ര പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ എ.ഡി 70-ാം ആണ്ടിൽ റോമൻ സേനാനായകനായ തീത്തൂസ് യെരുശലേമിനെ ആക്രമിച്ചു. തുടർന്ന് എ.ഡി. 132 ൽ ബെൻകച്ചുബാ എന്ന യഹൂദന്റെ നേതൃത്വത്തിൽ ഉണ്ടായ വിപ്ലവത്തിന്റെ അനന്തരഫലമായി ധാരാളം യൂദർ കൊല്ലപ്പെടുകയും, അടിമകളായി വിൽക്കപ്പെടു കയും, ലോകത്തിന്റെ നാനാഭാഗത്തേക്കും ചിതറപ്പെട്ടുപോവുകയും ചെയ്തു. യഹോവ നിന്നെ ഭൂമിയുടെ ഒരറ്റം മുതൽ മറ്റേ അറ്റംവരം സർവ്വ ജാതികൾക്കും ഇടയിൽ ചിതറിക്കും (ആവ. 28:64-68) അങ്ങനെ ചിതറപ്പെട്ട യൂദന്മാരുടെ അധമസ്ഥിതിയെ പരാമർശിച്ചുള്ള ദർശനമാണ് താൻ കണ്ടത്.

രാജ്യം വിട്ട് ഓടിപ്പോയ യൂദർക്ക് തങ്ങളുടെ മാതൃരാജ്യം നഷ്ടപ്പെട്ടവനും, യഹോവയോടുള്ള ആരാധനയും, പാപപരിഹാര ബലിയും നിന്നുപോ യി, ലേവിഗോത്ര പുരോഹിതർ ബലി കഴിക്കാൻ ഇല്ലാതായ അവസ്ഥയുടെയും പ്രതീകമായിട്ടാണ് ഉണങ്ങിയ അസ്ഥികളുടെ താഴ്‌വരനിറഞ്ഞിരിക്കുന്ന ദർശനം അവർ ജീവനുള്ള ശവത്തിനു തുല്യം ആയിത്തീർന്നു എന്നതാണ് സത്യം. ഈ അസ്ഥികൾ ഇസ്രായേൽ ഗ്രഹം ഒക്കെയും ആകുന്നു. അവർ ഇപ്രകാരം പ്രാർത്ഥിച്ചു. ഞങ്ങളുടെ അസ്ഥികൾ ഏറ്റവും ഉണങ്ങി ഇരിക്കുന്നു. ഞങ്ങളുടെ പ്രത്യാശക്കു ഭംഗം വന്നിരിക്കുന്നു. (യെഹെ. 37:11) മനുഷ്യാ പുത്രാ, ആ അസ്ഥികൾ ജീവിക്കുമോയെന്ന് ചോദിച്ചതിനു ഞാൻ നിങ്ങളിൽ ശ്വാസം വരുത്തും. ഞരമ്പ് വച്ച്, മാംസം പിടിപ്പിച്ച് നിങ്ങളെ ത്വക്കൊണ്ട് പൊതിഞ്ഞ് കഴിയുമ്പോൾ ഞാൻ യഹോവ എന്ന് നിങ്ങൾ അറിയും. യൂദന്മാരുടെ പുനരുദ്ധാനത്തെ പ്പറ്റി, ജാതികളുടെ ഇടയിൽനിന്ന് കുട്ടി ശേഖരിച്ച് സ്വന്ത ദേശത്തു വരുന്നു. (യെഹ. 20:34, 41, 42) യെഹെ. 36:24 ഇപ്രകാരം കൊച്ചിയിൽ കുടിയേറിയ യൂദരും തിരിച്ചുപോയി. ഇന്നും ഈ യൂദപള്ളി അവിടെ സ്ഥിതി ചെയ്യുന്നുണ്ട്.

യഹൂദരുടെ പുനരുദ്ധാനത്തെപ്പറ്റി യേശുപോ ലും ഉപമയായിട്ട് പറഞ്ഞതാണ്. അത്തിവൃക്ഷം തളിർക്കുമ്പോൾ വേനൽ അടുത്തുവെന്ന് (മത്താ. 24:32-33). 1948 മെയ് 14ന് യിസ്രായേൽ ഒരു സ്വതന്ത്ര രാഷ്ട്രം ആയി പ്രഖ്യാപിക്കപ്പെട്ടു. ഇവിടെ യേശു യഹൂദനെ അത്തിവൃക്ഷത്തോടുപമിച്ചാണ് പറ ഞ്ഞിരിക്കുന്നത്. യിസ്രായേൽ രാഷ്ട്രം രൂപം കൊണ്ടപ്പോൾ മുതൽ യിസ്രായേൽ അറബി യുദ്ധം നടന്നു തുടങ്ങിയിരിക്കുകയാണ്. തന്റെ രണ്ടാമത്തെ ആഗമനത്തെ ഉദ്ദേശിച്ച് പറഞ്ഞത് അത്തിവൃക്ഷം യഹൂദനോട് ഉപമിച്ച് അവരുടെ തിരിച്ചുവരവ് അടിസ്ഥാനമാക്കിയാണ്. അത്തിവൃക്ഷം എന്ന് ഉദ്ദേശിച്ചത് യിസ്രായേൽ രാജ്യം ഉത്ഭവിച്ചതിനെ ഉദ്ദേശിച്ചാണ്. തങ്ങൾ ലോകം മുഴുവൻ ചിതറി ഇരിക്കുന്നവർ വീണ്ടും തളിർക്കുമ്പോൾ തന്റെ വരവിന്റെ ഈറ്റ് നോവായി നാം മനസ്സിലാക്കണമെ ന്നാണ്.

നിന്റെ സന്തതിയെ ഞാൻ കിഴക്ക്നിന്നും പടിഞ്ഞാറ് നിന്നും ശേഖരിക്കുകയും ചെയ്യും. ഞാൻ വടക്കിനോട് തരികയെന്നും തെക്കിനോട് തടുത്തു വയ്ക്കരുതെന്നും കല്പിക്കും. (യെശ 43:5-6). ദൈവത്തിന്റെ വാഗ്ദാനമായ യിസ്രായേൽ രാഷ്ട്രം പുനർസ്ഥാപിച്ചതോടെ ലോകത്തിന്റെ നാനാ ഭാഗത്തുനിന്നും യൂദന്മാർ പലസ്തീനിലേക്ക് കുടിയേറ്റം ആരംഭിച്ചു. അവരുടെ സ്വന്തദേശത്തു വസിക്കുമ്പോൾ യഹോവയുടെ പദ്ധതി നമ്മുടെ കൺമുമ്പിൽ കാണുമ്പോൾ യിസ്രായേൽ മക്കളെ മിസ്രയിം ദേശത്തു നിന്നും കൊണ്ടുവന്ന യഹോവ തന്നെ സത്യദൈവമെന്ന് പറയാതിരിക്കാൻ ആർക്കും സാദ്ധ്യമല്ല.

**സുവർണ്ണ വാതിൽ (Golden gate)**

യെഹെ. 44:1 ൽ പരമർശിച്ചിരിക്കുന്ന വിശുദ്ധ മന്ദിരത്തിലേക്കുള്ള വാതിൽ അടച്ചുകിടക്കുന്നതിനെക്കുറിച്ചുള്ള പ്രവചനം എന്താണെന്നുള്ള തിനെപ്പറ്റി വിശകലനം ചെയ്യാം. ശലോമോന്റെ കാലത്തെ യെറുശലേം ദേവാലയത്തെയാണ് ഇവിടെ വിശുദ്ധമന്ദിരമെന്ന് ഉദ്ദേശിക്കുമെന്നത് ഇപ്പോൾ ഈ വിശുദ്ധ മന്ദിരം മുസ്ലീം പള്ളിയാക്കി ഓമറിന്റെ ദേവാലയം എന്നാണ് അറിയപ്പെടുന്നത്. ഈ ദേവാലയത്തിന്റെ കിഴക്കുവശത്ത് ഒരു മതിൽ ഉണ്ടായിരുന്നു. അവിടെ ഒരു വാതിലുണ്ടായിരുന്നു. അതാണ് സുവർണ്ണ വാതിൽ എന്ന് അറിയപ്പെടുന്നത്. ഈ വാതിൽ നൂറ്റാണ്ടുകളായിട്ട് അടഞ്ഞു കിടക്കുകയാണ്. യേശു കഴുതപ്പുറത്ത് യെറുശലേം ദേവാലയത്തിലേക്ക് ഓശാനയ്ക്ക് എഴുന്നള്ളിയത് ഈ വാതിലിലൂടെ ആയിരുന്നു. പിന്നീട് യേശുവിനെ ക്രൂശിക്കാനായിട്ട് കൊണ്ടുപോയതും ഈ വാതിലിലൂടെ ആയിരുന്നു. അതിനുശേഷം അന്ന് പൂട്ടിയ വാതിൽ ഇതുവരെ തുറന്നിട്ടില്ല. വിശുദ്ധനാട് സന്ദർശനം നടത്തുന്നവർക്ക് ഇത് കണ്ട് മനസ്സിലാ ക്കാവുന്നതാണ്. (യെഹ 44:1.)

അനന്തരം അവൻ എന്നെ വിശുദ്ധ മന്ദിരത്തി ന്റെ കിഴക്കോട്ടു ദർശനമുള്ള പുറത്തെ ഗോപുരത്തി ലേക്ക് മടക്കിക്കൊണ്ടുവന്നു. എന്നാൽ അത് അടച്ചിരുന്നു. അപ്പോൾ യഹോവ എന്നോട് അരുളിച്ചെയ്തത് "ഈ ഗോപുരം തുറക്കാതെ അടച്ചിരിക്കണം. ആരും അതിലൂടെ കടക്കരുത്. യിസ്രായേലിന്റെ ദൈവമായ യഹോവ അതിലൂടെ അകത്തു കടന്നുകൊണ്ട് അത് അടച്ചിരിക്കണം.

തങ്ങളുടെ മിശിഹാ താമസിയാതെ ഈ വാതിൽ തുറന്ന് രാജാവായി ജെറുശലേമിലേക്ക് പ്രവേശിക്കുമെന്നും യൂദന്മാർ പൊതുവെ വിശ്വസിക്കുന്നു. 1540 ൽ സുലൈമാൻ

*ശേഷം 23 -ാം പേജിൽ*



# കൗൺസിലിംഗും ഗൈഡൻസും അനിവാര്യമാകുമ്പോൾ

**ഡോ. സുനിൽ ഡി. കുരുവിള**

കേരളത്തിന്റെ സാമൂഹിക ആരോഗ്യം വികലമാകുമ്പോൾ പരിഹാരം എന്ത് എന്നന്വേഷിക്കുന്ന ഒരു ചെറിയ വിഭാഗം നല്ല മനുഷ്യർ തീർച്ചയായും ഉണ്ട്. ഒരു തിരിച്ചുവരവ് അനിവാര്യമാണെന്നും അതിനായി പ്രവർത്തിക്കണമെന്നും ആഗ്രഹിക്കുന്ന നല്ല നേതൃത്വമുണ്ട്. നാം നേടിയ സാംസ്കാരിക സാമൂഹിക ആരോഗ്യ, വിദ്യാഭ്യാസ നേട്ടങ്ങളൊക്കെ ഒന്നൊന്നായി തകർന്നു വീഴുമ്പോൾ അതിനെ പ്രതിരോധിക്കാൻ ശ്രമിക്കുന്നവർക്ക് തീർച്ചയായും ആശ്രയിക്കാവുന്ന ഒരു പ്രക്രിയയാണ്, കൗൺസിലിംഗും ഗൈഡൻസും.

സമൂഹത്തിലെ ഏതു ശ്രേണിയിൽ പ്രവർത്തി ക്കുന്നവർക്കും, ഏതു പ്രായക്കാർക്കും ഈ പ്രക്രിയയിലുടെ കടന്നുപോകുന്നത് അങ്ങേ അറ്റം ഗുണം ചെയ്യും.

ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടം അവന്റെ ബാല്യമാണ്. ഒരു കെട്ടിടത്തിന് അടിസ്ഥാനം എത്ര പ്രധാനമാണ് എന്ന് നമുക്കറിയാം. അതുപോലെ ഒരു വ്യക്തിക്ക് അവന്റെ ബാല്യം എത്ര സന്തോഷകരവും, ആരോഗ്യകരവുമാകുന്നുവോ അതിനനുസരിച്ചായിരിക്കും അവന്റെ കൗമാരവും യുവത്വവും രൂപപ്പെടുക.

സന്തോഷകരമായ ബാല്യം കുട്ടികൾക്ക് ഉറപ്പാകേണ്ടത് ഒരു സാമൂഹികമായ ഉത്തരവാദിത്വവും സ്റ്റേറ്റിന്റെ കടമയുമാണ്. മാതാപിതാക്കളെയും അദ്ധ്യാപകരേയും ഈ ലക്ഷ്യത്തിലേക്ക് പ്രാപ്തമാക്കേണ്ടതുണ്ട്.

സന്തോഷകരമായ ബാല്യം ആശ്വാസകരമായ കൗമാരത്തിലേക്കും അർത്ഥവത്തായ യൗവ്വനത്തിലേക്കും ഒരു വ്യക്തിയെ നയിക്കും.

ആരോഗ്യമുള്ള ഒരു ശരീരത്തിലെ ആരോഗ്യമുള്ള ഒരു വ്യക്തി രൂപപ്പെടുകയുള്ളു. നല്ല ഭക്ഷണശീലം കുട്ടികളിൽ വളർത്തേണ്ടതുണ്ട്. "Break fast is the brain food" എന്നു പറയാറുണ്ട്. എന്നാൽ ഇന്ന് എത്ര കുട്ടികൾ നല്ല ബ്രേക്ക് ഫാസ്റ്റ് കഴിച്ചുകൊണ്ട് സ്ക്കൂളിൽ പോകാറുണ്ട്? മാതാപിതാക്കളോ സ്കൂളുകളോ ഈ വിഷയം ഗൗരവമായി കാണാറില്ല.

കുട്ടികളുടെ Brain development ന്റെ ഏറിയ പങ്കും 10-12 വയസ്സിനുള്ളിലാണ് സംഭവിക്കുന്നത്. ഈ കാലഘട്ടത്തിൽ അവർക്ക് ഏറ്റവും പോഷക സമ്പൂർണ്ണമായ ആഹാരം ആവശ്യമാണ്. ബേക്കറി സാധനങ്ങളും, ബ്രോസ്റ്റും, പൊറോട്ടയും ഒക്കെയായി 'ഉണങ്ങി' പോകുന്ന ബാല്യം. ഭക്ഷണംപോലെ പ്രധാനമാണ് ശുചിത്വവും. നല്ല ഉറക്കം അനിവാര്യമാണ്. കുട്ടികൾ 8 മുതൽ 10 വരെ മണിക്കൂർ വരെ ഉറങ്ങുന്നത് നല്ലതാണ്. രണ്ടു മണിക്കൂറെങ്കിലും അവർ ഓടിച്ചാടി കളിക്കണം. ബഹുഭൂരിപക്ഷം കുട്ടികളും ഇന്ന് കളിക്കുന്നില്ല. ഇത് അവരുടെ ശാരീരിക, മാനസിക, വൈകാരിക വളർച്ചയെ പ്രതികൂലമായി ബാധിക്കും. Smart Phone ന്റെയും T.V.Screen ന്റെയും മുമ്പിൽ വളഞ്ഞ് കിടക്കുന്ന കുട്ടികൾ! ഇത്തരം വിഷയങ്ങൾ സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുകയും പഠിക്കുകയും ചെയ്യേണ്ടത് നല്ലൊരു ഭാവി സ്വപ്നം കാണുന്ന എല്ലാവരുടെയും ഉത്തരവാദിത്വമാണ്. ഇവിടെ കൗൺസിലിങ്ങ് വലിയ പങ്കാളിത്തം വഹിക്കും.

കൊച്ചു കുട്ടികളുടെ പഠനം ആനന്ദകരവും ജീവനുള്ളതുമാകണം. മെഷീനുകളല്ല, മനുഷ്യരാണവരെ പഠിപ്പിക്കേണ്ടത്. നല്ല അദ്ധ്യാപകരിൽ നിന്ന് അവർ പഠിക്കട്ടെ, ഗുരുമുഖത്തുനിന്നും. കുഞ്ഞുങ്ങളെ പ്രകൃതിയുമായും സമൂഹവുമായും ഒക്കെ ഇണക്കി വളർത്തണം. മണ്ണും മഴയും വെയിലും ഒക്കെ അവർ പരിചയിക്കേണ്ടതുണ്ട്.

ഓരോ കുട്ടിയും വ്യത്യസ്തരാണ്. അവരെ മനസ്സിലാക്കി സമീപിക്കേണ്ടതുണ്ട്. ശരിയായ മാർഗ്ഗ നിർദ്ദേശം അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും ഈ കാര്യത്തിൽ ആവശ്യമാണ്.

കൗമാരം വ്യക്തിത്വവികസനത്തിന്റെ കാലഘട്ടമാണ്. മാതാപിതാക്കളുടെ കരുതലിൽ നിന്ന് സുഹൃത്ബന്ധങ്ങളിലേക്ക് തിരിയുന്ന കാലം. ശാരീരിക മാറ്റങ്ങളോടൊപ്പം മാനസിക വൈകാരിക തലത്തിലും വെല്ലുവിളികൾ നേരിടുന്ന കാലഘട്ടം. അവരുടെ കഴിവുകൾ കണ്ടെത്താനും Self awarness ലേക്ക് അവരെ നയിക്കാനും ഈ കാലഘട്ടത്തിൽ കഴിയണം. മാതൃകയുള്ള മാതാപിതാക്കളും ഉയർന്നു നിൽക്കുന്ന സ്വാധീനമുള്ള അദ്ധ്യാപകരുമാണ് ഈ ദിശയിൽ അവരെ നയിക്കേണ്ടത്. അവരെ ചരിത്രബോധത്തിലേക്കും സാമൂഹിക സാംസ്ക്കാരിക കാഴ്ചപ്പാടിലേക്കും നയിക്കേണ്ടതുണ്ട്. നല്ല കാഴ്ചപ്പാടും ദർശനവുമുള്ള വിദ്യാഭ്യാസമാണ് അവർക്ക് നൽകേണ്ടത്. കൗമാരം ആശയങ്ങളുടെയും ആശങ്കകളുടെയും സമയമാണ്. തത്വചിന്തയും ആദർശവും ഒക്കെ അവരെ സ്വാധീനിക്കുന്ന പ്രായം. വഴിതെറ്റാനും അലസരാകാനും കൂടുതൽ സാധ്യതയുള്ള കാലഘട്ടം. ശരീരം വളരുകയും മനസ്സ് പാകപ്പെടുകയും ചെയ്യാത്ത അവസ്ഥ.

ഈ സമയത്ത് അവരെ കേൾക്കാനും, അവരോടൊത്ത് സമയം ചിലവിടാനും മുതിർന്നവർക്ക് കഴിയണം. വിദ്യാഭ്യാസത്തെക്കുറിച്ചും, ഉയർന്ന അച്ചടക്കത്തിന്റെ സാധ്യതകളെക്കുറിച്ചും അവർക്ക് കാഴ്ചപ്പാടു നൽകണം. ഇവിടെയാണ് കൗൺസിലിങ്ങിന്റെയും മറ്റും പ്രാധാന്യം.

കുട്ടികളിൽ മൂല്യബോധവും സംസ്കാരവും സ്നേഹവും വളർത്തുന്നതിൽ ഒരു സമൂഹമെന്ന നിലയിൽ നാം പരാജയപ്പെട്ടിരിക്കുന്നു. കച്ചവട സംസ്കാരവും, വിനോദവും

സുഖവും തേടിയുള്ള യാത്രയിൽ നന്മയും ശ്രേഷ്ഠതയും നാം കൈവിട്ടുകളഞ്ഞു. കുട്ടികളിൽ കഴിവും മനോഭാവവും ഉയർന്ന അറിവും സൃഷ്ടിക്കണമെങ്കിൽ അതിനു വലിയ കാഴ്ചപ്പാടും ദർശനവുമുള്ള നേതൃത്വം രൂപപ്പെടേണ്ടതുണ്ട്. അതിനായി നേതൃത്വത്തെ ശരിയായ ദിശയിലേക്ക് പരിശീലിപ്പിക്കേണ്ടതുണ്ട്. സ്കൂളുകളും കോളേജുകളും ജീവന്റെ ഇടങ്ങളാവണം. വീടുകൾ ഭവനങ്ങളായി രൂപാന്തരപ്പെടണം. വിദ്യാഭ്യാസപരമായ ഒരു അന്തരീക്ഷം അവിടെ സൃഷ്ടിക്കപ്പെടണം. ഇന്ന് മിക്ക വീടുകളും വിനോദകേന്ദ്രങ്ങളും, ലോഡ്ജും ഒക്കെയായി മാറിയിരിക്കുകയാണ്!

ഉന്നത വിദ്യാഭ്യാസം, കരിയർ, തൊഴിൽ എന്നീ കാര്യങ്ങളിൽ വലിയ പ്രതിസന്ധിയാണ് സമൂഹത്തിൽ നിലനില്ക്കുന്നത്. ധാരാളം പേർ ശരിയായ മാർഗ്ഗ നിർദ്ദേശമില്ലാതെ ചതിക്കുഴികളിലും തെറ്റായ വഴികളിലും ചെന്നെത്തുന്നു. വലിയ വലിയ കോഴ്സുകൾ പഠിച്ച് ധാരാളം കുട്ടികൾ ജോലിയില്ലാതെ വലയുന്നു.

കോഴ്സുകൾ പൂർത്തീകരിക്കാൻ സാധിക്കാതെ അനേകർ. ശരിയായ കരിയർ മാർഗ്ഗനിർദ്ദേശം കുട്ടികളെയും അവരുടെ മാതാപിതാക്കളെയും ശരിയായ ദിശയിൽ നയിക്കുകയും അവരുടെ ഭാവി ഉറപ്പിക്കുകയും ചെയ്യും. കരിയർ ഗൈഡൻസ് ഒരർത്ഥത്തിൽ രാജ്യനിർമ്മാണം തന്നെയാണ്.

സ്കൂളുകളും കോളേജുകളും മാത്രമല്ല സാമൂഹികസംഘടനകളും മതസ്ഥാപനങ്ങളുമെല്ലാം ഇത്തരം അർത്ഥവത്തായ പ്രവർത്തനത്തിലേക്ക് വഴി തിരിയണം. ആഘോഷങ്ങളുടെയും ഉല്ലാസത്തിന്റെയും കാലം കഴിഞ്ഞു. പെട്രോൾ കുപ്പിയുമായി നടക്കുന്ന യുവത്വം ഒരു നാടിനും ഭൂഷണമല്ല. ക്രിമിനലുകളെയും മനോരോഗികളെയും തൊഴിൽ രഹിതരെയും സൃഷ്ടിക്കുന്ന ഒരു വിദ്യാഭ്യാസം നമുക്ക് ഭൂഷണമല്ല. അത്തരമൊരു അവസ്ഥ ഒരു കുടുംബവും ആഗ്രഹിക്കുന്നുമില്ല. കുടുംബങ്ങൾക്കും കൗൺസിലിംഗു കേന്ദ്രങ്ങളിലേക്ക് കുട്ടികളോടൊപ്പം കയറിചെല്ലാൻ കഴിയട്ടെ. നല്ല മാർഗ്ഗനിർദ്ദേശങ്ങളിലൂടെ, കൗൺസിലിംഗ് നിങ്ങളുടെ ജീവിത കാഴ്ചപ്പാടുകളെയും ലക്ഷ്യത്തെയും ഉയർത്തും. നിങ്ങളുടെ മനസ്സിലാക്കലുകൾ വർദ്ധിപ്പിക്കും. പരസ്പര ധാരണയും, വൈകാരിക ബന്ധങ്ങളും ഉറപ്പിക്കും. വിദ്യാഭ്യാസപരമായും തൊഴിൽപരമായും നിങ്ങളുടെ കുട്ടികളെ ഉയർത്തും.

ഒരുങ്ങാം.. നല്ല ഭാവിക്കായി

+91 9656144712, +91 9847400712

E-mail: sunilkuruvilla@rediffil.com,
www.insightmission.org)

## ഉണങ്ങിയ അസ്ഥികളുടെ താഴ്‌വര

21-ാം പേജ് തുടർച്ച

സുൽത്താൻ സുവർണ്ണവാതിൽ ഉള്ള മതിൽ പുതുക്കി പണിതപ്പോൾ ഈ പ്രവചനഭാഗം ആരോ വായിച്ചു കേൾപ്പിച്ചു ദൈവനിശ്ചയത്തിന് മറുതലിപ്പായിട്ട് പ്രവർത്തിപ്പാൻ ഭയപ്പെട്ട് ആ വാതിൽ അന്ന് തന്നെ അടച്ചു കളഞ്ഞു. എന്നാൽ വർത്തമാന കാലത്ത് ഈ മതിലിനോടുള്ള ബന്ധത്തിൽ അത്ഭുതകരമായ ഒരു സംഭവം ഉണ്ടായി. 1967 ൽ ജോർഡാനിലെ ഹുസൈൻ രാജാവ് ഈ വാതിൽ തുറക്കുവാൻ ജൂൺ 24-ാം തീയതി തീരുമാനിച്ചിരിക്കുന്നു. എങ്കിലും ദൈവനിശ്ചയം പോലെ അത് നടന്നില്ല. 1967 ജൂൺ 6 ന് യിസ്രായേൽ യെറുശലേം മുഴുവൻ കൈവശം ആക്കി. ഈ വാതിൽ ഇന്നും അടഞ്ഞു കിടക്കുകയാണ്. യേശുവിനെ പഴയ നിയമത്തിൽ പരാമർശിച്ചിരിക്കുന്ന ഒരു ഭാഗം കൂടിയാണ്. ഈ വാതിലിലൂടെ യഹോവ (ദൈവം) കടന്നത് പിതാവാം ദൈവം അല്ല. യേശുവാണ് കടന്നത്. യേശുവിന്റെ ദൈവത്വം തെളിയിക്കുന്ന ഒരു ഭാഗം കൂടിയാണ്. യഹോവസാക്ഷികൾ യേശു ദൈവമല്ലെന്നു പറയുമ്പോൾ ദൈവം കടന്നു എന്നു പറയുന്ന ഭാഗം യേശു ദൈവമാണ് എന്ന വചനം പഠിപ്പിക്കുന്നു. യേശുവിനെ പഴയ നിയമത്തിൽ പരാമർശിക്കുന്ന ഒരു ഭാഗം കൂടിയാണിത്. ഈ വാതിലിൽകൂടെ യിസ്രായേലിന്റെ ദൈവം കടന്നുകൊണ്ട് യേശു കടന്നതിനുശേഷം വാതിൽ അടഞ്ഞതുകൊണ്ട് യേശുവിന്റെ ദൈവത്വം തെളിയിക്കുന്ന ഒരു ഭാഗം കൂടിയാണ്.

-00-

## എഡിറ്റോറിയൽ

4-ാം പേജ് തുടർച്ച


മിച്ചു കഴിഞ്ഞു. ആത്മീകമായി ഒരു യഥാർത്ഥ ഉണർവ്വ് ഉണ്ടായെങ്കിൽ മാത്രമേ ഈ പ്രശ്നങ്ങൾക്കെല്ലാം തന്നെ ഒരു ശാശ്വത പരിഹാരം വരികയുള്ളൂ. എങ്കിൽ മാത്രമേ ഇന്നുള്ള പ്രശ്നങ്ങൾ കാണാതെ കണ്ണുമങ്ങിയ ഏലിപുരോഹിതന്റെ സ്ഥാനത്ത് ഒരു ശമുവേൽ പ്രവാചകൻ എഴുന്നേൽക്കുകയുള്ളൂ. ഒരു കാര്യം വാസ്തവമാണ്. ദാവീദ് വെളിപ്പെട്ടശേഷവും ശൗൽ പിന്നെയും രാജാവായി. കുറേക്കാലം നിലനിന്നാലും ഒടുവിൽ രാജത്വം യിശായി പുത്രനായ ദാവീദിന്റെ കാൽക്കീഴിൽ വന്നു ചേരും. സംശയമില്ല. വലിയ കാര്യങ്ങളെ ചെറുതായും ചെറിയ കാര്യങ്ങളെ വലുതായും കണക്കാക്കരുത്. അത് അപകടമാണ്. "മുമ്പേ ദൈവത്തിന്റെ രാജ്യത്തേയും, അവന്റെ നീതിയേയും അന്വേഷിപ്പിൻ അപ്പോൾ ഇവയെല്ലാം നിങ്ങൾക്ക് ലഭിക്കും". അതുകൊണ്ട് നമുക്ക് ഉണരാം ഒരുങ്ങാം. ദൈവം നമ്മെ അതിനു സഹായിക്കട്ടെ.

എന്ന്,
നിങ്ങളുടെ പ്രിയ റോയി അച്ചൻ

# ഏബ്രഹാം ജോസഫ് വാഴയിൽ (മോനച്ചായൻ) അനുസ്മരണം

ജോയി കുറിയാക്കോസ് കുറ്റിശ്ശേരിൽ, സെന്റ് സ്റ്റീഫൻസ് ക്നാനായപള്ളി, വെളിയനാട്

വാഴയിൽ കടുംബത്തോടുള്ള ക്നാനായ സമുദായത്തിന്റെ കടപ്പാട് വളരെയധികം വിലപ്പെട്ടതാണ്. പുണ്യശ്ലോകനായ കിഴക്കിന്റെ വലിയമെത്രാപ്പോലീത്താ കൂബർ നീത്തി ഹാക്കീമോ അഭി. ഏബ്രഹാം മോർ ക്ലീമ്മീസ് തിരുമേനിക്ക് താങ്ങും തണലുമായി നിന്ന് സ്വന്തം സഭയെ ആത്മാർത്ഥമായി സ്നേഹിച്ച് സഭയുടെ നിലനിൽപ്പിന് വേണ്ടതെല്ലാം ദാനമായി കൊടുത്ത് പരി. സഭയുടെ അന്തസ്സ് നിലനിർത്തിയ ഒരു ശ്രേഷ്ഠ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു വാഴയിൽ റ്റി. ഏബ്രഹാം (കൊച്ചപ്പാപ്പൻ). അദ്ദേഹത്തിന്റെ നിര്യാണം സഭയുടെ ഇപ്പോഴത്തെ തലമുറയ്ക്ക് തീരാ നഷ്ടം തന്നെയാണ്. അദ്ദേഹത്തിന്റെ മരണശേഷം മൃതശരീരം സ്വന്തം ഇടവകയായിരുന്ന വെളിയനാട് മാർ സ്തെഫാനോസ് വലിയപള്ളിയിലെ വാഴയിൽ കുടുംബ കബറിൽ അന്ത്യവിശ്രമം കൊള്ളുന്ന തന്റെ സഹധർമ്മിണിയുടെ കൂടെ അലിഞ്ഞു ചേരുവാൻ പറ്റാഞ്ഞതിൽ അന്നുണ്ടായ സാഹചര്യത്തിൽ ഇടവകയ്ക്കും സ്വന്തം ദേശത്തിനും ഉണ്ടായ ദുഃഖം ഇന്നുവരെ മാറിയിട്ടില്ല.



മരണം സംഭവിച്ചതിനുശേഷം വളരെ പ്രതീക്ഷയോടെ ഇടവക കാത്തിരുന്നു. പള്ളിയ്ക്ക് അത് ലഭിക്കാനുള്ള ഭാഗ്യം ഉണ്ടായില്ല. ഈ ദു:ഖം നിലനിൽക്കുമ്പോഴാണ് ഈ കഴിഞ്ഞ ജൂൺ 16-ാം തീയതിയിൽ അദ്ദേഹത്തിന്റെ മൂത്തപുത്രനായ ഏബ്രഹാം ജോസഫിന്റെ (മോനച്ചായൻ) വേർപാട്. തന്റെ പിതാവിന്റെ അതേ മാതൃകയിൽ സ്വന്തം സഭയേയും സ്വന്തം ഇടവകയേയും സ്നേഹിച്ചു നിന്നുകൊണ്ട് വേണ്ടതെല്ലാം ചെയ്തുകൊണ്ടിരുന്നു. സ്വന്തം ഇടവകപള്ളി പുതുക്കിപണിത സമയത്ത് പള്ളി പണിയുടെ ചിലവിന്റെ മുക്കാൽ പങ്കും തന്റെ താഴെയുള്ള സഹോദരങ്ങൾക്ക് നേതൃത്വം നൽകി കൊടുത്തുകൊണ്ട് പള്ളിയെ സഹായിച്ചു. ദാനധർമ്മത്തിന്റെ ഒരു കലവറ ആയിരുന്നു വാഴയിൽ കുടുംബവും മോനച്ചായനും. പള്ളിയിൽ പുതുതായി നിർമ്മിച്ച പാരീഷ്ഹാൾ, കുരിശടി കൂടാതെ പള്ളിയുടെ എല്ലാ വികസനങ്ങൾക്കും വേണ്ടത്ര ധനസഹായത്തിന് മോനച്ചായനും കടുംബാംഗങ്ങളും മുൻപന്തിയിൽ ആയിരുന്നു. പള്ളിക്ക് മാത്രമല്ല സ്വന്തം ദേശത്തിന്റെ വികസനത്തിനും എന്തും ചെയ്യുവാൻ മടി ഇല്ലായിരുന്നു.

വെളിയനാട് കുന്നങ്കരി ഗ്രാമപഞ്ചായത്തുകൂടി ഒരു റോഡ് അനുവദിച്ചപ്പോൾ അത് തുടങ്ങുന്നത് വാഴയിൽ പുരയിടത്തിൽകൂടി ആയിരുന്നു. ഈ ആവശ്യവുമായി ഞാൻ അദ്ദേഹത്തെ കണ്ട് വഴിക്കുള്ള സ്ഥലം അനുവദിച്ച് സറണ്ടർ ഫാറത്തിൽ ഒപ്പുവെക്കുവാൻ എറണാകുളത്തു പോയി ഭാഗ്യവശാൽ അദ്ദേഹത്തെ അന്നുതന്നെ കാണുവാൻ സാധിച്ചു. വിവരങ്ങൾ ധരിപ്പിച്ച ഉടൻ തന്നെ ഫാറത്തിൽ ഒപ്പുവെച്ചു മാത്രമല്ല റോഡിന് ആവശ്യമുള്ള വഴി എടുത്തുകൊള്ളുവാൻ അടിക്കുറിപ്പായി എഴുതുകയും ചെയ്തു. ടി. റോഡ് അനുഭവിച്ചുകൊണ്ടിരിക്കുന്ന കുന്നങ്കരി നിവാസികൾ ഇന്നും അദ്ദേഹത്തെ സ്മരിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ തലമുറകൾ സ്മരിക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായി തീർന്നു മോനച്ചായൻ. മാത്രമല്ല പാവപ്പെട്ട പലകുടുംബങ്ങളിലേയും മക്കൾക്ക് ജോലി വാങ്ങി കൊടുത്തതിൽ ഉന്നത പദവിയിൽ എത്തിയ മക്കളും അവരുടെ കുടുംബങ്ങളും ഇന്നും സ്മരിച്ചുകൊണ്ടിരിക്കുന്നു.

അദ്ദേഹവും കുടുംബവും ഇടവകപള്ളിയിൽ വി. ബലിയിൽ പങ്കെടുക്കാൻ വന്നു എന്നറിയുമ്പോൾ ദേശത്തിലെ പാവങ്ങളായ ആളുകളുടെ വലിയ തിക്കും തിരക്കും കാണാൻ സാധിച്ചിട്ടുണ്ട്. ഞാൻ ട്രസ്റ്റി ആയിരുന്ന സമയത്ത് പണികഴിപ്പിച്ച പാരീഷ്ഹാളിന്റെ അവസാനഘട്ടം പണിക്ക് സാമ്പത്തിക കുറവ് വന്നപ്പോൾ ഇടവകയുടെ അനുമതിയും അഭി. കുറിയാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ അനുമതിയും വാങ്ങി ഒരു ലോണിനുവേണ്ടി തീരുമാനിച്ച് വിവരം മോനാച്ചായന്റെ അനുജൻ ക്യാപ്റ്റൻ ഏബ്രഹാം കുരുവിളയെ അറിയിച്ചപ്പോൾ അതെടുപ്പിക്കാതെ മൂന്ന് ലക്ഷം രൂപ പള്ളി അക്കൗണ്ടിൽ ഇട്ട് തരികയും അങ്ങനെ ലോൺ ഉപേക്ഷിക്കുകയും ചെയ്തു.

ഒരിക്കൽ കൊച്ചിപ്പാപ്പന്റെ മരണശേഷം സഹോദരങ്ങൾ ആലോചിച്ച് തീരുമാനിച്ച് അന്ന് വെളിയനാടും എറണാകുളവും തമ്മിലുള്ള അകലം കണക്കിലെടുത്ത് അഭി.തിരുമേനിയുടെ അനുമതിയോടുകൂടി ഇടവക അംഗത്വം എറണാകുളം പള്ളിയിലോട്ട് മാറ്റുവാൻ പള്ളിയുടെ ഭരണസമിതിക്ക് അപേക്ഷ വെച്ച് കാത്തിരുന്നു. ഇടവകയ്ക്കും ദേശത്തിനും വാഴയിൽ കുടുംബവുമായുള്ള ബന്ധം അത്യന്താപേക്ഷിതമായതിനാൽ ഈ തീരുമാനത്തിന് മാറ്റം വരുത്തണമെന്ന് ഭരണസമിതി ഒന്നടങ്കം ആവശ്യപ്പെടുകയും അത് അംഗീകരിച്ചുകൊണ്ട് ഇന്നും തുടർന്ന് പോരുന്നു.

ജീവിതത്തിൽ നന്മ മാത്രം ചെയ്യുവാൻ നല്ല മനസ്സുള്ള വ്യക്തിത്വങ്ങളുടെ ഉടമകൾക്ക് വെളിയനാട് മാർ സ്തേഫാനോസ് വലിയപള്ളിയുടേയും വെളിയനാട് കുന്നംങ്കരി ദേശനിവാസികളുടെയും, എന്റെ വ്യക്തിപരമായും ഉള്ള ആദരാഞ്ജലികൾ അർപ്പിക്കുന്നു. നമ്മളിൽ നിന്നും വേർപെട്ട് ദൈവസന്നിധിയിൽ ആയിരിക്കുന്ന ഇവരുടെ ആത്മാക്കൾക്ക് നിത്യശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട് നിർത്തട്ടെ.

# ഇങ്ങനെയും ജീവിതം

**Fr. Andrews Kadappanangattu, Ranny. Mob: 9495184701**

റാന്നി താലൂക്ക് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മോതിരവയൽ സ്വദേശി തങ്കമ്മ (65) കഴിഞ്ഞ മൂന്ന് ആഴ്ചകളായി കാലിലെ മുറിവ് സെപ്റ്റിക്കായിട്ട് വന്നതാണ്. ഷുഗർ കൂടുതലായിട്ടുള്ളതിനാൽ കരിയുവാൻ സമയമെടുക്കുമെന്നാണ് ഡോക്ടേഴ്സ് പറയുന്നത്. ഏറെ നാളായി ഹൃദയവാൽവിന് തകരാറുള്ളതിനാൽ ചികിത്സ ചെയ്തുകൊണ്ടിരിക്കുകയാണ്. വർഷങ്ങൾക്കു മുൻപ് ഭർത്താവു മരിച്ചുപോയി. ഒരു മകനും മകളുമുണ്ട്. മകൻ വിവാഹിതനായി. രണ്ടു മക്കളുണ്ട്.  വിവാഹപ്രായമെത്തിയ മകൾ പഠനം കഴിഞ്ഞു വീട്ടിലുണ്ട്. അവൾ ആശുപത്രിയിൽ കൂട്ടിനുണ്ട്. മകൻ ഒരു ചെറിയ ഹാസ്യകലാകാരനാണ്. അവന്റെ ചെറിയ വരുമാനത്തിലാണ് വീട്ടിലെ കാര്യങ്ങൾ നടന്നു പോകുന്നത്. ഇടയ്ക്കിടെ തങ്കമ്മ വീടുകളിൽ ജോലിയ്ക്കുപോയി കിട്ടിയിരുന്ന വരുമാനം കൊണ്ടാണ് മരുന്നുകൾ വാങ്ങിയിരുന്നത്. വീട്ടിൽ മറ്റു വരുമാന മാർഗ്ഗങ്ങൾ ഒന്നുമില്ല.

ഇവർ ക്രിസ്തീയ വിശ്വാസത്തിൽ നിലനിൽക്കുകയും, മക്കളെ അതിൽ വളർത്തുകയും ചെയ്തുവരുന്നു. അവരുടെ വാക്കുകളിൽ അത് വളരെ വ്യക്തമാണ്. വേദനയുടെ നടുവിലും പരാതികൾ കൂടാതെ പുഞ്ചിരിയാർന്ന മുഖത്തോടെ കാര്യങ്ങൾ വിശദീകരിച്ച ആ അമ്മയുടെ വിശ്വാസത്തിന്റെ ആഴമറിയുവാൻ വലിയ ബുദ്ധിമുട്ടുണ്ടായില്ല. ഞങ്ങൾ നൽകിയ ചെറിയ സഹായം ഒന്നുമാകില്ലെന്നറിയാം, എങ്കിലും സന്തോഷത്തോടെ അതു കൈപ്പറ്റികൊണ്ട് പ്രാർത്ഥിയ്ക്കണമെന്നപേക്ഷിച്ചു.

അപേക്ഷിയ്ക്കുന്നവരെ  ഉപേക്ഷിക്കാത്തവനാണു കർത്താവ്. ശതാധിപന്റെ അപേക്ഷകേട്ട് അവന്റെ വിശ്വാസം പോലെ ഭവിക്കട്ടെയെന്ന് പറഞ്ഞപ്പോൾ ആ നാഴികയിൽ തന്നെ പക്ഷവാതം പിടിച്ചു കഠിനമായി വേദനപ്പെട്ട് വീട്ടിൽ കിടന്ന അവന്റെ ബാല്യക്കാരനു സൗഖ്യം പ്രാപിച്ചു (മത്തായി 8:13). പനിപിടിച്ചു കിടന്ന പത്രോസിന്റെ അമ്മാവിയമ്മയെ തൊട്ടമാത്രയിൽ അവൾ സൗഖ്യം പ്രാപിച്ചു (മത്തായി 8:15). നമ്മുടെ ബലഹീനതകളെ എടുത്തുമാറ്റുവാനും, നമ്മുടെ വ്യാധികളെ ചുമക്കുവാനും കഴിവുള്ളവനായ കർത്താവിൽ വിശ്വാസത്തോടെ പ്രാർത്ഥിക്കാൻ കഴിഞ്ഞാൽ ആശ്വാസം സാധ്യമാണ്.

അഗതികൾക്കും, ആശ്രിതർക്കും ആശ്വാസമേകുവാൻ ആത്മാവിൽ അഭിഷേകം ചെയ്തിരിക്കുന്നവരാണ് ആത്മീയ മക്കൾ. ആത്മാവിന്റെ സ്വഭാവമുള്ളവരായ് ആത്മാവിനെ അനുസരിച്ചു നടക്കുവാൻ കഴിയണം. ആത്മാവ് ബലഹീനതയിൽ തികഞ്ഞു വരുന്നവനാണ്. ജീവിതത്തിന്റെ വിവിധങ്ങളാകുന്ന മേഖലകളിൽ ബലഹീനതയിലൂടെ കടന്നുപോകുന്നവർക്ക് സഹായവും, സങ്കേതവും, ആശ്രയവും, കോട്ടയുമായിരുന്ന അവർക്ക് ധൈര്യവും, ബലവും നൽകുവാൻ ആത്മീയർക്ക് കഴിയണം. പ്രാർത്ഥനയോടൊപ്പം പ്രവർത്തിയിൽ അധിഷ്ഠിതമാണ് ആത്മീയ ജീവിതം. അനുദിനമുള്ള ആത്മീക ജീവിതത്തിന് അഭിവൃത്തിയുണ്ടാക്കുവാൻ ലഭിക്കുന്ന അവസരങ്ങൾ അവഗണിക്കാതെ അനുചിതമായ് അനുവർത്തിക്കുവാൻ കഴിയട്ടെ എന്ന്  ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അതിനായ് അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

## പൗരോഹിത്യ ജൂബിലി



പൗരോഹിത്യ വജ്രജൂബിലി ആഘോഷിക്കുന്ന വന്ദ്യ ചിറയിൽ എം.എ. കുറിയാക്കോസ് കോറെപ്പിസ്ക്കോപ്പായ്ക്കും, രജതജൂബിലി ആഘോഷിക്കുന്ന റവ.ഫാ. ജോൺ മാത്യു മൂലംകുളത്തിനും ചിങ്ങവനം സെന്റ് മേരീസ് ശാലേംപള്ളിയുടെ അനുമോദനം അർപ്പിക്കുന്നു. സമീപം വികാരി റവ.ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ, ട്രസ്റ്റി ഏബ്രഹാം കെ.മാത്യുക്ടായിത്തറ, സെക്രട്ടറി സിബി മാത്യു തോണ്ടുകുഴിയിൽ, കമ്മിറ്റി അംഗങ്ങളായ റ്റി.സി അരുൺ തകിടിയിൽ, എം.ഐ. വർഗ്ഗീസ് മടക്കുമൂട്ടിൽ



# മലർവാടിക്കൂട്ടം

മൂന്ന് കാളകൾ ഉറ്റ ചങ്ങാതിമാരായിരുന്നു. എന്നും മല യോരത്തിൽ മേയാൻ പോകും. സിംഹം അക്കാര്യം ശ്രദ്ധി ച്ചു. ഒരു കാളയുടെ നേർക്ക് അത് ചാടാൻ ഭാവിക്കുകയായി രുന്നു. പക്ഷെ മറ്റ് രണ്ട് കാളകൾ കൊമ്പുകുലുക്കി മിന്നൽ വേഗത്തിൽ അവിടെയെത്തി. മൂന്നും കരുത്തരായ കാളകൾ. അവയുടെ ആറ് കൂർത്തകൊമ്പുകൾ തന്നെ ലക്ഷ്യം വച്ച് വരുന്നതു കണ്ട് സിംഹം ഓടിമാറി. ഏതു വശത്തൂടെ ആക്ര മിക്കാൻ വന്നാലും രക്ഷയില്ല. എതിരെ നില്പുണ്ടാവും ആറ് കൊമ്പുകൾ. ഗത്യന്തരമില്ലാതെ സിംഹം കാട്ടിലോട്ട് ഓടി പ്പോയി.

അടുത്ത രണ്ട് ദിവസം കൂടി സിംഹം ശ്രമം തുടർന്നു. പക്ഷെ ശത്രുവിനെ ഒറ്റക്കെട്ടായി കാളകൾ എതിർത്തു.

സിംഹം പിന്നീട് അടവ് മാറ്റി. അത് കുറുക്കനെ വിളിച്ച് പറഞ്ഞു. ഞാൻ നിനക്ക് നല്ല കാളയിറച്ചി തരും. ഇവിടെ മേയാൻ വരുന്ന ചുട്ടിയുള്ള കാളയോട് മറ്റ് രണ്ട് കാള കളും അതിനെ ദുഷിച്ച് പറയുന്നതായി ചെവിയിൽ പറയ ണം. അതുപോലെ ചുട്ടിക്കാളയെ പറ്റി മറ്റ് രണ്ട് കാളക ളോടും പറയണം.

കുറുക്കൻ ഏറ്റു. എഷണി ഫലിക്കയും ചെയ്തു. ചുട്ടിയുള്ള കാള മറ്റ് രണ്ട് കാളകളോടും വിരോധം ഭാവിച്ച് അടിവാരത്തിലെ ഒഴിഞ്ഞ ഒരു മൂലയിൽ പോയി മേയാൻ തുടങ്ങി. ഒറ്റയ്ക്ക് കിട്ടിയ ആ കാളയെ വകവരുത്തി ശാപ്പാ ടാക്കാൻ സിംഹത്തിന് ഒട്ടും പ്രയാസമുണ്ടായില്ല. കുറുക്കനും അതിൽ ഓഹരി കിട്ടി.

അടുത്ത ദിവസം ബാക്കിയുള്ള രണ്ട് കാളകൾ തമ്മിലും കൂടുതൽ ശക്തിയുള്ള വിദ്വേഷം ഉണ്ടാക്കാൻ കുറുക്കന്റെ പരദൂഷണത്തിനു കഴിഞ്ഞു. അങ്ങനെ അവയേയും സൗക ര്യം പോലെ കൊന്നുതിന്നാൻ സിംഹത്തിനു സാധിച്ചു.

പരദൂഷണത്തിൽ അന്ധമായി വിശ്വസിക്കുന്നവർക്ക് ആത്മമിത്രങ്ങളേയും, സ്വന്തം ജീവനെ തന്നെയും നഷ്ടപ്പെ ടുന്നു. ആധുനിക ലോകത്തിൽ ഏറെയായി കാണുന്ന പ്രതി ഭാസമാണിത്. വ്യക്തിയുടേയും, സമൂഹത്തിന്റെയും നാശ ത്തിനു കാരണമാകുന്ന പരദൂഷണത്തിനു ചെവികൊടുക്കാ തിരിക്കുക.

**കൊച്ചേട്ടൻ**



# ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

## (General)

1. ക്രൈസ്തവ കാളിദാസൻ എന്നറിയപ്പെടു ന്നതാര്?
2. കേരളത്തിലെ ഏക ക്രിസ്ത്യൻ രാജവംശം ഏത്?
3. ദൈവവും സാത്താനും ഒരുപോലെ ഇഷ്ട പ്പെടുന്നതായി ബൈബിളിൽ രേഖപ്പെടു ത്തിയിരിക്കുന്നതായ ഏക കാര്യം ഏത്?
4. കത്തിക്കുമ്പോൾ ശത്രുവാകുന്ന മിത്രം ഏത്?
5. ഏഷ്യയിലെ ഏറ്റവും വലിയ ആദ്ധ്യാത്മിക ഘോഷയാത്ര (റാസ) ഏത്?

**ജൂലൈ മാസത്തിലെ ഉത്തരങ്ങൾ**

1. കണ്ണ് (മത്തായി 6:22)
2. ഏല്യാക്കീം (യെശ. 22:22)
3. ശെബ്ന (യെശ. 22:15-17)
4. യെശയ്യാവ് (യെശ. 23:1516)
5. ഭൂമി (യെശ. 24:20)
6. വലിയവൻ (മത്താ. 5:19)
7. മത്തായി 8:14
8. 12 (മത്തായി 9: 20-21)
9. ഇടുക്കവും, വഴിഞെരുക്കവും ഉള്ളത് (മത്തായി 7:14)

10 യെശയ്യാവ് (4:15)

# ST. PETER'S KNANAYA CHURCH - KUWAIT

## MANAGING COMMITTEE 2019 - 2020

Trustee



Mathew Abraham (Jiji)
Chaluparambil

Vicar



Fr. Thomas Jacob
Anjilimoottil

Secretary



Saji Punnoose
Ampalappattu



Jacob Jose (Jacobkutty)
Purackal



Abraham Mathew
(Shibu) Thundathil



Jacob Mathew
(Jacobkutty) Ayiramthickal



Saju Thomas
Chempikulam



ManojKurian
Nayickamadathil



Sajith Uthuppan
Cherukarathu



Thomas Chacko (Siby)
Meppallil Puthenveedu



Tiby Mathew
Melekuttu



Sajilu Thomas
Elamkavil



Jipu Punnan
Palliyampil



Nibu K. Joseph
Kizhakkethil



Jerrin Skaria Joy
Kochidasseril

### AUDITORS



Sunil Joseph
Kadakkethu



Ani Stephen
Thottupurathu Melethil

# ST. GREGORIOS KNANAYA CHURCH
## Kingdom of Bahrain

## MANAGING COMMITTEE 2019-2020

### PRESIDENT



**FR.ALIAS SCARIA**
Elavankalam
Vicar

### TRUSTEE



**STEPHEN JACOB**
Kandathil Parambil
St. Thomas Valiyapally Ranny

### SECRETARY



**DONY CHACKO**
Kodinjoor
St. Peter's Thottapuzha

## COMMITTEE MEMBERS



**ABRAHAM THAMPY**
Chettiparambil
St.Mary's Kallissery



**ROBY ABRAHAM**
Pattathanathu
St. Kuriakose Aythala



**MANOJ K JOY**
Vathara
St. Johns Thuruthicadu



**SHINU JOSEPH**
Kalloorthundiyil
St.Mary's Valiyapally Kottayam



**SANTHOSH P THOMAS**
Padakasseril
St.Johns Vadapuram



**ABRAHAM CHACKO**
Manjumankal
St. Thomas Valiyapally Ranny



**BIJOY K ABRAHAM**
Kannankara
St. Thomas Valiyapally Ranny



**KURUVILLA THOMAS**
Edasseril
St. Thomas Valiyapally Ranny
Auditor



## 7 – ാം ചരമ വാർഷികം

15 – 08 – 2019

# ഷിജു ജേക്കബ്

മണക്കാലയിൽ

കുറ്റൂർ, തിരുവല്ല

"മറന്നു പോവില്ല ഞങ്ങൾ
ജീവനുള്ള കാലമത്രയും
കരയാതിരിക്കില്ല ഞങ്ങൾ
കണ്ണീരുള്ള കാലമത്രയും"

ഭാര്യ– ബീന ഷിജു
മകൾ – അനീക ഷിജു

മണക്കാലയിൽ & മണലേൽച്ചിറയിൽ (കോട്ടയം)
കുടുംബാംഗങ്ങൾ

Advt - R

---

## 45 – ാം ചരമവാർഷികം

18 – 08 – 2019

## 1 – ാം ചരമവാർഷികം

22 – 08 – 2019





**സി. കെ. മാത്യു (പാപ്പച്ചൻ)**

**റ്റിറ്റിമോൻ മാത്യു**

കട്ടയിൽ ചേലപ്പറമ്പിൽ,
കൊല്ലാട്, കോട്ടയം

"ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

---

## 1 – ാം ചരമവാർഷികം

24 – 08 – 2019



**പി. സി. തോമസ് (കുഞ്ഞുമോൻ)**

പാറകുന്നുംപുറത്ത്
നാട്ടകം, കോട്ടയം

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 – ാം ചരമവാർഷികം

11 – 08 – 2019



# മറിയാമ്മ സ്കറിയ

കൊക്കരവാലായിൽ (ക്ഷേത്രഗിരി), പുനലൂർ

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 1st Death Anniversary

27 – 08 – 2019



# Marykutty Chacko

Kavumkal (H)

Nellickamon, Ranny

By Sorrowing Family


Advt - S

## 38 – ാം ചരമവാർഷികം

06 – 07 – 2019

## 1 – ാം ചരമവാർഷികം

03 – 09 – 2019





# ഫിലിപ്പോസ് മാത്യു

# അച്ചാമ്മ മാത്യു

തൈപ്പറമ്പിൽ, ചിങ്ങവനം

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 3 – ാം ചരമ വാർഷികം

21 – 08 – 2019



# Sabu Mathew

(Asst. Commandant of police)

Kulachankal, Velloothuruthy

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 3 – ാം ചരമ വാർഷികം

22 – 09 – 2019



# തോമസ് ചെറിയാൻ (ബാബു)

കോയിക്കൽ, അങ്ങാടി, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40 – ാം ചരമദിനം

08 – 08 – 2019



# അന്നമ്മ അന്ത്രയോസ്

പന്ത്രണ്ടാം കുഴിയിൽ, വാകത്താനം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 2nd Death Anniversary

20 – 08 – 2019



# K. M. Mathew

Kuttiyil (H), Kurichy

An inspiring father who loved us' cared us and lived for us. You will always remain alive in our hearts.

Inserted by Sorrowing Family

Advt - O

## 1st Death Anniversary

13 – 09 – 2019



# Mercykutty Stephen

Kulathunkal, Kurichy

Sorrowing Family

Advt - O

## 8 – ാം ചരമ വാർഷികം

30 – 08 – 2019



## മറിയാമ്മ ജോസഫ് (രമണി)

സാംസ് മണക്കാട്ട്, പള്ളം

"യാത്ര പറയാത്ത സ്നേഹസ്മരണയ്ക്ക് മുമ്പിൽ പ്രാർത്ഥനയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## വേർപാടിന്റെ 6 – ാം വാർഷികം

10-09-2019



## സോജി ജെയ്ക്കബ്

തേമ്പാറ, കുറിച്ചി


നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 1 – ാം ചരമ വാർഷികം

01 – 09 – 2019



## തോമസ് സ്കറിയ(ജോയി)

മാണന്തറയിൽ, മാലിയിൽ മാന്നാർ
തിരുവൻവണ്ടൂർ

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

| 5 – ാം ചരമവാർഷികം 22 – 08 – 2019 | 3 – ാം ചരമവാർഷികം 13 – 08 – 2019 |
|---|---|



## മോളി ചാക്കോ    വി. കെ. ചാക്കോ (തങ്കച്ചൻ)

വാണിയപ്പുരയ്ക്കൽ, ഈര

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*ദുഃഖാർത്തരായ കുടുംബാംഗങ്ങൾ*

Advt - R

## 8 – ാം ചരമ വാർഷികം

**28-08-2019**



## ഏബ്രഹാം M.ഏബ്രഹാം

മാലത്തുശ്ശേരിൽ (U.S.A), ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 2nd Death Anniversary

**08 – 09 – 2019**



## Anu Elias

**W/o Chinchu Rony**

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി പ്രാർത്ഥനയോടെ

തറയിൽ മുളയ്ക്കാംചിറ & കാളിശ്ശേരിൽ കുടുംബാംഗങ്ങൾ

Advt - O

## 7 – ാം ചരമ വാർഷികം

**11 – 09 – 2019**



## കെ. എ. ഏബ്രഹാം

(Rtd Dyp. Collector)

## 22 – ാം ചരമ വാർഷികം

**17-08-2019**



## അഡ്വ. അനിൽ ഏബ്രഹാം

കല്ലുവെട്ടാംകുഴിയിൽ, താഴത്തങ്ങാടി, കോട്ടയം സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 4 – ാം ചരമ വാർഷികം

**10-08-2019**



## എം. എം. ജോസഫ് (ഉപ്പായി)

**മറ്റത്തിൽ (വെള്ളുത്തുരുത്തി), ചിങ്ങവനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - s

## 22 – ാം ചരമ വാർഷികം

**17-08-2019**



## C. IDICULLA

**Lahayi Valiplakal, Mandiram, Ranny**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - s

## 1 – ാം ചരമവാർഷികം

**07 – 08 – 2019**



## K. J. Abraham (Thampi)

**Kannathanathu House, Ranny**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 2 – ാം ചരമ വാർഷികം

**13-09-2019**



## Chinnamma Thomas

**Thevarumuriyil**
**West Othera, Thiruvalla**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S



## 2nd

# Anniversary in Heaven

03-08-2019

## Retd. NB.SUB/CLK Jose Mathew

**Mathukuzhiyil House**
**West Othera**

Anyone who belongs to CHRIST has become a new person. The old life is gone a new life has begun! (2 Corinthians 5:17)

Sorrowing Family

| | | |
|---|---|---|
| Wife | - | Lizy Jose |
| Children | - | Lijo Jose & Thomas Jose |
| Daughter in law | - | Manisha & Niya |
| Grand Children | - | Lisha Liljo |

**ALWAYS LOVED**

**NEVER FORGOTTEN FOREVER MISSED**

Advt - O

## 1-ാം ചരമ വാർഷികം

19- 08 -2019



## ഫിലിപ്പ് പി. എസ് (തങ്കച്ചൻ)

**കൂനാവാടയിൽ (സ്രാമ്പിക്കൽ)**
**വേഴപ്ര, രാമങ്കരി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 1-ാം ചരമ വാർഷികം

06- 09 -2019



## V. P. THOMAS

**VILAYIL, RANNY**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

# 9 – ാം ചരമ വാർഷികം

20 – 08 – 2019



## പി. റ്റി. തോമസ് (തങ്കച്ചൻ)

### പൂവക്കുളത്ത്, മഴുക്കീർ, കല്ലിശ്ശേരി

**ഞങ്ങളുടെ പപ്പ ഞങ്ങളെ വിട്ടുപിരിഞ്ഞിട്ട് ഒൻപത് വർഷം തികയുന്നു.**

"സ്വർഗ്ഗത്തിൽ കാണാമെന്നുള്ള
പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -s

## 46 –ാം ചരമ വാർഷികം

**10-08-2019**



## കെ. സി. ഉണ്ണിട്ടൻ

(ഉണ്ണിക്കുഞ്ഞ്)

കണ്ണംകുഴയത്ത്, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 6 –ാം ചരമ വാർഷികം

**26 – 08 – 2019**



## N. P. ജോസുകുട്ടി

നെടുംപറമ്പിൽ, നീലംപേരൂർ

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 27 –ാം ചരമവാർഷികം

**15 – 08 – 2019**

## 2 –ാം ചരമവാർഷികം

**22 – 08 – 2019**



## പി. കെ. കുര്യാക്കോസ്   അച്ചാമ്മ കുര്യാക്കോസ്

മങ്ങച്ചാലിൽ, പുനലൂർ

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 1 – ാം ചരമവാർഷികം

**04 – 09 – 2019**



## മോൻസി ജോർജ്

**പരവതോടത്തിൽ, വരവൂർ, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 21 – ാം ചരമവാർഷികം

**20 - 08 - 2019**



## എം. സി. ഏബ്രഹാം (തമ്പി)

**മുക്കാട്ട്, കുറിച്ചി (ചിങ്ങവനം)**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമ വാർഷികം

**22- 08 -2019**



## കെ. എം. ഏബ്രഹാം
## (കുഞ്ഞുകുഞ്ഞ്)

**കറുകേലിൽ, തിരുവൻവണ്ടൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40 – ാം ചരമദിനം

**16 - 08 - 2019**



## റ്റി. ഇ. പുന്നൂസ്

**(കുട്ടപ്പൻ 83)**

(റിട്ട.അസ്സി. എഞ്ചിനിയർ, ഇറിഗേഷൻ എം.പി)

**തോട്ടത്തിൽ മലയിൽ, തുരുത്തിക്കാട്**

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt - S

# പൂർവ്വീകരുടെ പാപം തലമുറയെ ബാധിക്കുമോ?

വ്യക്തി കേന്ദ്രീകൃതമായ പല സഭകളും കൂട്ടങ്ങളും തുടർച്ചയായി നടത്തുന്ന ഒരു ശുശ്രൂഷയാണ് വിടുതൽ ശുശ്രൂഷ അഥവാ പൂർവ്വീകരുടെ ശാപമോക്ഷ ശുശ്രൂഷ എന്നത്. ഏതെങ്കിലും കുടുംബങ്ങളിൽ ആർക്കെങ്കിലും രോഗമോ, ദുരിതമോ, സാമ്പത്തിക പ്രതിസന്ധികളോ നേരിടേണ്ടി വരുമ്പോൾ അത് അവരുടെ പൂർവ്വികരുടെ പാപം മുഖാന്തിരം സംഭവിച്ചതാണെന്നും പറഞ്ഞ് അവരെ ഭയപ്പെടുത്തുകയും വിശ്വാസത്തോടെ വാങ്ങിപ്പോയ പൂർവ്വികരെ കുറ്റപ്പെടുത്തുകയും വിടുതൽ ശശ്രൂഷ എന്ന പേരിൽ പ്രശ്നം നേരിടുന്നവരുടെ കൈയ്യിൽ നിന്ന് വിശ്വാസത്തിന്റെ പേരു പറഞ്ഞ് പണം അപഹരിക്കുകയും ചെയ്യുന്ന പ്രവണത ഇന്നു പൊതുവെ വർദ്ധിച്ചു വരുന്നതായി കാണുന്നു.

ശാപം എന്ന വാക്കു തന്നെ വി. വേദപുസ്തക ചിന്തകൾക്ക് എതിരാണ്. ദൈവം ആത്യന്തിക സ്നേഹമാണെന്നും തെറ്റുചെയ്യുന്നവരെ ശിക്ഷിക്കുന്നതിനേക്കാളുപരി അവരുടെ മാനസാന്തരത്തിനായി കാത്തിരിക്കുന്ന ദീർഘക്ഷമയുള്ളവനും ദയാലുവുമാണെന്ന് ആദ്യമേ മനസ്സിലാക്കണം. "ഞാൻ വന്നത് നീതിമാന്മാരേയല്ല പാപികളെ രക്ഷിപ്പാനാണെന്നും യാഗത്തേക്കാളുപരി കരുണയിൽ പ്രസാധിക്കുന്നവനാണ് ദൈവം എന്നും യേശു പറഞ്ഞ വാക്കുകൾ ഓർക്കുക" (മത്തായി 9:12–13).

മനുഷ്യജീവിതത്തിൽ മനുഷ്യർ ചെയ്യുന്ന പാപപ്രവർത്തികൾ മുഖാന്തിരം ദൈവകൃപ നഷ്ടപ്പെടുന്ന അഥവാ ദൈവാനുഗ്രഹം അനുഭവിക്കാൻ സാധിക്കാത്ത സാഹചര്യങ്ങൾ ഉണ്ടാകാം. അതു അവരുടെ തലമുറയെ പിന്തുടരും എന്നു പറയാനാവില്ല. പാപത്തിന്റെ ഫലത്തിന് സമൂഹപരമായ ഒരു മാനം ഉണ്ട്. അതായത് ഒരുവൻ ചെയ്യുന്ന പ്രവൃത്തി ഗുണമായാലും ദോഷമായാലും അതിന്റെ ഫലം അവന്റെ കുടുംബവും സമൂഹവും ഒക്കെ അനുഭവിക്കേണ്ടി വന്നേക്കാം. "ആഖാൻ" ചെയ്ത പാപം മുഖാന്തിരം ഇസ്രായേൽ ജനം മുഴുവൻ .യുദ്ധത്തിൽ തോൽക്കുവാൻ കാരണമായെങ്കിൽ മോശയുടെ കണ്ണുനീരും, പ്രാർത്ഥനയും യിസ്രായേലിന്റെ രക്ഷയ്ക്കും കാരണമായിട്ടുണ്ട്. ഇപ്രകാരമുള്ള പാപത്തെ ലോകപരം അഥവാ സമൂഹപരമായ പാപം എന്ന് പറയാം. അപ്രകാരമുള്ള പാപം നീക്കുവാനാണ് യേശുതമ്പുരാൻ മനുഷാവതാരം ചെയ്തതും കുരിശിൽ മരിച്ചതും. "ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്ന് സ്നാപക യോഹന്നാൻ യേശുവിനെ നോക്കി പറഞ്ഞതും അതിനാലാണ് (യോഹ.1:29).

പഴയനിയമത്തിൽ തെറ്റു ചെയ്യുന്നവരുടെ മൂന്നും, നാലും, ഏഴും തലമുറകൾ ദൈവം സന്ദർശിക്കും എന്നു പറയുന്നുണ്ട്. (പുറ.20:5–6). അതിനർത്ഥം തലമുറകളെ ദൈവം ശിക്ഷിക്കുമെന്നല്ല പ്രത്യുത ദൈവം പരിശോധിക്കും എന്നാണ്. അങ്ങനെ ദൈവം പരിശോധിക്കുമ്പോൾ പൂർവ്വികർ ചെയ്ത അതേ തെറ്റുതന്നെ തലമുറകൾ ആവർത്തിച്ചാൽ അവർ ശിക്ഷ അനുഭവിക്കും. അവർ ആ തെറ്റ് ആവർത്തിക്കാതിരുന്നാൽ അവർ ഒരിക്കലും ശിക്ഷിക്കപ്പെടുകയില്ല. "കട്ടവനെ കണ്ടില്ലെങ്കിൽ കിട്ടിയവനെ പിടിച്ചു ശിക്ഷിക്കുന്നവനല്ല ദൈവം"

